Reg. No. K. 149

എ.കെ.സി.സി. ബുള്ളറ്റിൻ

(അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ)
ഔദ്യോഗിക പത്രിക

പുസ്തകം 15 | 1963 മേയ് സംഘടനാവിശേഷാൽപതിപ്പ് | ലക്കം 3



A. K. C. C. BULLETIN

PROPAGANDA SPECIAL

MAY 1963.

"UNITED WE STAND-

DIVIDED WE FALL"

DHARMARAM COLLEGE LIBRARY
17873
BANGALORE.

വിഷയസൂചിക


		പേജ്
1	സമുദായസ്നേഹികളോട് (എഡിറ്റർ)	2
2	കത്തോലിക്ക കോൺഗ്രസിനെപ്പറ്റി വന്ദ്യപിതാക്കന്മാർ	3
3	ശക്തി ആജ്ഞിക്കണം (എ.കെ.സി.സി. പ്രസിഡണ്ട്)	7
4	നമ്മുടെ സംഘടനയിലൂടെ ഒരു തിരിഞ്ഞുനോട്ടം (വി. സി. ജോജ്ജ്)	9
5	കത്തോലിക്കകോൺഗ്രസിന്റെ സംഘടനാപ്രവർത്തനം (ദീപിക)	15
6	സമുദായസമക്ഷം (എ.കെ.സി.സി. ജനറൽ സെക്രട്ടറി)	19
7	45-ാമത് വാർഷികറിപ്പോർട്ട് etc.	21

WE

Stp


DESIGN

and build industrial and domestic structures, warehouses, bridges incorporating Precast pre-stressed concrete components



MAKE

TARFELT and SHALIMOID and other roofing felts and water-proof and damp-proof roofs, floors and basements




SUPPLY

anti-corrosive Bitumastic compositions for rust prevention




BUILD

roads with our Road Tar and Bitumen Emulsions



PROTECT

under-carriages of motor vehicles and insulation on vessels and pipes with our SHALIKOTES



Stp

SHALIMAR TAR

PRODUCTS (1935) LIMITED

A TURNER MORRISON ENTERPRISE

CALCUTTA DELHI BOMBAY LUCKNOW CHANDIGARH

Agents : The Bombay Co. Private Ltd., Madras-1 • R. C. Abrol & Co. (Private) Ltd., New Delhi-1

IWTSTP 98

സമുദായസ്നേഹികളോട്

അഖിലകേരളകത്തോലിക്കകോൺഗ്രസിന്റെ ചരിത്രത്തിൽനൂതനവുംഅഭൂതപൂർവ്വവുമായ ചില കാൽവയ്പുകൾ സമാരംഭിച്ചിരിക്കുകയാണു്. ജനാധിപത്യഭാരതത്തിലെ ഒരു മത ന്യൂന പക്ഷമെന്നനിലയ്ക്കു് നമ്മുടെ സമുദായത്തിന്റെ നിലനിൽപും പുരോഗതിയും സുരക്ഷിതമാക്കുവാനും, ഒരു ക്ഷേമരാഷ്ട്രത്തിന്റെ നിർമ്മാണത്തിൽ ക്രിസ്തീയ വിശ്വാസത്തിനു് അനുയോജ്യമായി നമ്മുടെ ഉന്നതസാമൂഹ്യ കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും സുശക്തവും കാര്യക്ഷമവുമായ സംഘടിതപ്രവർത്തനം ആവശ്യമാണെന്നു് അനുഭവം നമ്മെ പഠിപ്പിച്ചിരിക്കുന്നു. ഈ വീക്ഷണഗതിയോടുകൂടി കേരളത്തിലെ എല്ലാ കത്തോലിക്ക ജനവിഭാഗങ്ങളുടെയും തികഞ്ഞ പ്രാതിനിദ്ധ്യമുള്ള ഒരുത്തമകത്തോലിക്കസാമൂഹ്യപ്രവർത്തനകേന്ദ്രമായി കത്തോലിക്കകോൺഗ്രസിനെ വളർത്തിക്കൊണ്ടു വരുവാനുള്ള സംരംഭങ്ങളിലാണു് കോൺഗ്രസു് നേതൃത്വം ഇന്നു വ്യാപൃതമായിരിക്കുന്നതു്.

കേരളത്തെ പല മേഖലകളായി തിരിച്ചു സംഘാടകരെ നിയമിച്ചു് കോൺഗ്രസിന്റെ പരിപാടികൾ സമുദായത്തിന്റെ എല്ലാഭാഗങ്ങളിലും എത്തിച്ചുകൊടുക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികവും സാംസ്കാരികവുമായ എല്ലാ രംഗങ്ങളിലും ശ്രദ്ധ പതിച്ചു് അവശ്യം വേണ്ട പ്രവർത്തനപരിപാടികൾ നടപ്പിൽ വരുത്തുവാനും തയാറെടുത്തുവരികയാണു്. കോൺഗ്രസിന്റെ ഔദ്യോഗിക ജിഹ്വയായ എ. കെ. സി. സി. ബുള്ളറ്റിൻ കാലാനുസൃതമായി പരിഷ്ക്കരിച്ചു് മാതൃകായോഗ്യമായ ഒരുത്തമ പ്രസിദ്ധീകരണമാക്കിത്തീർക്കണമെന്നും കോൺഗ്രസു് നേതൃത്വം അഭിലഷിക്കുന്നു. കോൺഗ്രസിന്റെ ലക്ഷ്യവും പരിപാടികളും സമുദായത്തിൽ പ്രചരിപ്പിക്കുന്നതിനോടൊപ്പം സമുദായാംഗങ്ങളുടെ വിജ്ഞാനതൃഷ്ണയും സാഹിത്യാഭിരുചിയും കലാവാസനയും പരിപോഷിപ്പിക്കുന്നതിനും അതു് ഒരുതല്ല ഉപാധിയായിത്തീരുമെന്നും നമുക്കു പ്രത്യാശിയ്ക്കാം. കേരളത്തിലെ ഓരോ കത്തോലിക്ക കുടുംബത്തിലും അതിന്റെ പ്രതികൾ ചെന്നുചേരണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനുവേണ്ടിയായി ഈ പതിപ്പു കരുതപ്പെടാവുന്നതാണു്.

താദൃശ്യമായ ഒരു വിശേഷാൽ പതിപ്പു് എന്ന നിലയിൽ ഇതിനു വളരെ കുറവുകൾ ഉണ്ടു്. കോൺഗ്രസിന്റെ സംഘടനാപരമായ പ്രശ്നങ്ങൾ മുൻനിർത്തി ധൃതഗതിയിൽ വളരെ ചുരുങ്ങിയ സമയംകൊണ്ടു് ഇതു പ്രസിദ്ധീകരിക്കയാൽ ശാസ്ത്രം, സാഹിത്യം, കല, ക്രൈസ്തവലോകവാർത്തകൾ ഇത്യാദി രംഗങ്ങളൊന്നുതന്നെ ഇതിൽ സ്പർശിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇവയെല്ലാം സ്നേഹപൂർവ്വം ക്ഷമിച്ചു് ഈ സംരംഭം വിജയിപ്പിക്കുവാൻ സമുദായസ്നേഹികളുടെ നിർല്ലോഭമായ പിൻതുണയും സഹകരണവും നൽകണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഈ വിശേഷാൽ പതിപ്പു് സമുദായസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

(എഡിറ്റർ)

കത്തോലിക്കകോൺഗ്രസിനെപ്പറ്റി വന്ദ്യപിതാക്കന്മാർ

എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ.ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനി:-

ബ. സഹോദരരെ, പ്രിയ മക്കളെ,

സംഘടിതമായ പ്രവർത്തനംവഴി വിഷമകരമെന്നു തോന്നുന്ന ഏതു പ്രശ്നത്തെയും വിജയപ്രദമായി കൈകാര്യം ചെയ്യാമെന്നു് അടുത്തകാലത്തെ ചില അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ടു്. ഫയരാക്കിക്കവിധേയമായ കത്തോലിക്കസംഘടനകളുടെ അജയ്യബലമാണു് ഏതുകാലത്തും കത്തോലിക്കസഭയുടെ വിജയത്തിനു നിദാനമായിരുന്നിട്ടുള്ളതെന്നു് നമുക്കറിയാം. നമ്മുടെ അവകാശങ്ങളും താല്പര്യങ്ങളും പരിരക്ഷിക്കുന്നതിനായി സംഘടിത പ്രവർത്തനം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്.



കേരളത്തിലെ കത്തോലിക്കരുടേതായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു പൊതുസംഘടനയാണല്ലൊ അഖിലകേരളകത്തോലിക്കകോൺഗ്രസു്. 43 കൊല്ലത്തെ പ്രവർത്തനത്തിന്റെ ഒരു ചരിത്രം അതിനുണ്ടു്. കത്തോലിക്കസഭയുടെയും സമുദായത്തിന്റെയും അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി ഈ കാലത്തിനിടയിൽ കത്തോലിക്കകോൺഗ്രസു് വളരെയധികം പരിശ്രമിച്ചിട്ടുണ്ടെന്നുള്ളതു് നിസ്തർക്കമാണു്. പല നേട്ടങ്ങളും അതുവഴി നമ്മുടെ സമുദായത്തിനു കൈവന്നിട്ടുണ്ടു്. എന്നാൽ കാലോചിതമായ വളർച്ച ഈ സംഘടനയ്ക്കുണ്ടായിട്ടുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ചില ഘട്ടങ്ങളിൽ പ്രവർത്തിമാന്ദ്യം സംഭവിച്ചിട്ടുള്ളതായി കാണാവുന്നതാണു്. കേരളത്തിലെ കത്തോലിക്കജനസംഖ്യയുടെ തോതുറച്ചു നോക്കുമ്പോൾ ഈ സംഘടനയുടെ അംഗസംഖ്യ കേവലം തുച്ഛമായിരിക്കുന്നു. - - - - - ശാഖകളും അംഗസംഖ്യയും വർദ്ധിപ്പിച്ചു് രൂപതാടിസ്ഥാനത്തിൽ ഈസംഘടന കെട്ടിപ്പടുക്കേണ്ടതു് പ്രായോഗികവും കാര്യക്ഷമവുമായ അതിന്റെ നടത്തിപ്പിനു് ആവശ്യമെന്നു് ഇതിനോടകം ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. - - - - - - - നമ്മുടെ അതിരൂപതയിൽ പല ഇടവകകളിലും കത്തോലിക്കകോൺഗ്രസിന്റെ ശാഖകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും കൂടുതൽ പ്രവർത്തനശേഷിയും കെട്ടുറപ്പും അതിനു ലഭിക്കണമെന്നുള്ളതും, എല്ലാ ഇടവകകളിലും ശാഖകൾ സ്ഥാപിതമായി അതിരൂപതാടിസ്ഥാനത്തിൽ സുശക്തമായ ഒരു സംഘടനയുടെ രൂപംപ്രാപിക്കണമെന്നുള്ളതുമാണു് നമ്മുടെ താല്പര്യം— — — — — കത്തോലിക്കകോൺഗ്രസു് പൂർവ്വാധികം ശക്തിയുള്ളതായി വളർന്നുവരുവാൻ ഏവരും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നു് ഉദ്ബോധിപ്പിച്ചുകൊണ്ടു് ഏവരെയും നാം ഹാർദ്ദമായി ആശീർവദിക്കുന്നു.

എന്നു്, എറണാകുളത്തു് നമ്മുടെ അതിമെത്രാസന അരമനയിൽനിന്നു്

1961 ഫെബ്രുവരി 13-ാംനു-

എറണാകുളം മെത്രാപ്പോലീത്താ.

ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. മാത്യു കാവുകാട്ടു തിരുമേനി;- (55-ാംനമ്പർ ഇടയലേഖനം)

വന്ദ്യസഹോദരരെ, പ്രിയ മക്കളെ,

. . . . . .

മറെറാരു കായ്ക്കുടി നിങ്ങളെ ഓർമ്മിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നു. നാല്പതുശാബ്ദങ്ങളിലധികകാലം കേരളകത്തോലിക്കരുടെ പൊതുസംഘടനയായിത്തീർന്നിട്ടുള്ള സ്ഥാപനമാണു് കത്തോലിക്കകോൺഗ്രസു്. നമ്മുടെ സമുദായം അപകടങ്ങളെ നേരിടേണ്ടിവന്ന അവസരങ്ങളിൽ പൊതുസംരക്ഷണത്തിനു് കോൺഗ്രസു് മുന്നിട്ടുനിന്നിട്ടുണ്ടു്. സാമൂഹ്യവും സാമുദായികവുമായ എല്ലാക്കാര്യങ്ങളിലും നേതൃത്വം നൽകുന്ന ഈ സംഘടന സമുദായത്തിന്റെ അവകാശങ്ങളെ പരിരക്ഷിക്കുവാൻ എന്നും പരിശ്രമിച്ചുകൊണ്ടിരിക്കുന്നതായി നാം കണ്ടിട്ടുള്ളതാണു്. നമുക്കു് ഇത്ര ആവശ്യവും പ്രയോജനകരവുമായ ഈ സംഘടനയുടെ ശാഖകൾ എല്ലാ ഇടവകകളിലും ഉണ്ടായിരിക്കണമെന്നു് നാം ആഗ്രഹിക്കുന്നു. മന്ദീഭവിച്ചുകൊണ്ടിരിക്കുന്ന ശാഖകളെ തട്ടിയുണർത്തി അംഗങ്ങളെ കൂട്ടുതലായി ചേർത്തു് കോൺഗ്രസ്സിനെ പുഷ്ടിയും ശക്തിയും ഉള്ളതാക്കുവാൻ എല്ലാവരും ഉത്സാഹിക്കണം.



ദൈവത്തിന്റെ കൃപയും അനുഗ്രഹവും നിങ്ങളുടെമേൽ എന്നും ഉണ്ടായിരിക്കട്ടെ എന്നാശംസിച്ചുകൊണ്ടു് പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങളെ നാം ആശീർവ്വദിക്കുന്നു എന്നു്

1-3-1961 മാത്യു കാവുകാട്ടു് (ഒപ്പു്)

ച.അ.മെ.മന്ദിരം ച.അ.ത്രു. മെത്രാപ്പോലീത്താ

വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് അട്ടിപ്പേററി തിരുമേനി:-



"കേരളത്തിലെ പ്രമുഖ കത്തോലിക്കാ സംഘടനയായ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് എനിക്കേറെ വും പ്രിയംകരമായ ഒരു സംഘടനയാണ്. അതുമായി ബന്ധപ്പെടുന്നതിനും അതിന്റെ വികസനത്തിനും പുരോഗതിക്കും എന്റെ കഴിവനുസരിച്ചു പ്രവർത്തിക്കുന്നതിനും ഞാൻ എപ്പോഴും സന്നദ്ധനാണ്. നമ്മുടെ സംസ്ഥാനത്തെ ബാധിച്ചിരിക്കുന്ന വിപത്തുകളെ നേരിടുവാൻ ഈ സംഘടന ഇതുവരെ സ്വീകരിച്ച ദൃഢവും അചഞ്ചലവുമായ നിലയിൽ ഞാൻ ഈ സംഘടനയെ അഭിനന്ദിക്കുന്നു."

(എ. കെ. സി. സി. ബുള്ളറിൻ 1959 ഫെബ്രുവരി)

പാലാ മെത്രാൻ റൈററു് റവ. ഡോ. സെബാസ്റ്റ്യൻ വയലിൽ തിരുമേനി:-

(1960 നവംബർ 12-ാംതീയതിയിലെ ഇടയലേഖനത്തിൽ നിന്നും)

.. ..

"ഇവിടെ അനുസ്മരിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്ന മറെറാരു വിഷയം അഖിലകേരളകത്തോലിക്കാ കോൺഗ്രസിന്റെ കാര്യമാകുന്നു. കേരളത്തിലുള്ള കത്തോലിക്കരുടെ പൊതു സാമുദായികസംഘടനയാണല്ലോ കത്തോലിക്കാകോൺഗ്രസ്. ഭാവിയിൽ കൂടുതൽ മഹത്തരമായ സേവനങ്ങൾ കോൺഗ്രസിൽ നിന്നും നമുക്കു പ്രതീക്ഷിക്കാവുന്നതാണ്. അതിന്റെ ശക്തി ക്ഷയിക്കുവാൻ ഇടയായാൽ അതു സമുദായത്തിനു പൊതുവെ ക്ഷീണമായിരിക്കും. ആകയാൽ കോൺഗ്രസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും സംഘടനാപരമായ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും നിങ്ങൾ മുൻകൈയെടുത്തുപ്രവർത്തിക്കണമെന്നു നാം ആഗ്രഹിക്കുന്നു. ഈ സന്ദർഭത്തിൽ തത്സംബന്ധമായി വേണ്ടതു ചെയ്യണമെന്നു നമ്മുടെ ബഹു: വൈദികരെയും പ്രിയ വിശ്വാസികളെയും നാം ഉദ്ബോധിപ്പിക്കുന്നു. ശാഖാസംഘങ്ങൾ സ്ഥാപിച്ചിട്ടില്ലാത്ത ഇടവകകളിൽ അതു സ്ഥാപിക്കണമെന്നും ഓർമ്മിപ്പിക്കുന്നു."

തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ബനഡിക്ട് മർ ഗ്രിഗോറിയോസ് തിരുമേനി:-

"സാമൂഹ്യമായ ഏതു രംഗത്തും വൈദികർ മുന്നിട്ടുനിന്നു പ്രവർത്തിക്കുന്നതിനെ നാം പ്രതീക്ഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ വൈദികാധ്യക്ഷന്മാരുടെ നിയന്ത്രണത്തിൻകീഴിൽ സാമൂഹ്യരംഗത്തു മുൻകൈ എടുത്തു പ്രവർത്തിക്കേണ്ടതു് അൽമായരുടെ കുമാരികളാണ്. ഇന്നത്തെ നിലപാടുവച്ചുനോക്കിയാൽ രണ്ടായിരം വയസ്സു തികഞ്ഞിട്ടും കേരളത്തിലെ സഭ പ്രായപൂർത്തിയായില്ലെന്നു തോന്നിപ്പോകും. നമുക്കു വിദഗ്ദ്ധന്മാരും വിജ്ഞന്മാരും വിശുദ്ധന്മാരുമായ അൽമായക്കാർ ധാരാളമുണ്ട്. അൽമായരുടെ ഭക്തസംഘടനകളും ഒട്ടവളരെയുണ്ട്. അവ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ അത്യന്താപേക്ഷിതമായി, അടിയന്തിരമായി, നാം പ്രവർത്തിക്കേണ്ട സാമൂഹ്യരംഗത്തു സഭയുടെ (വിശ്വാസികളുടെ) പ്രവർത്തനം ഇന്നു കൗമാരാവസ്ഥയിലോ അഥവാ ശൈശവാവസ്ഥയിലോ ആണു സ്ഥിതിചെയ്യുന്നതെന്നു പറയേണ്ടിയിരിക്കുന്നു.



പ്രായപൂർത്തിയായ ഒരാൾ എല്ലാക്കാര്യങ്ങളും മാതാപിതാക്കളിൽനിന്നും പ്രതീക്ഷിക്കുകയില്ലല്ലോ. ദീർഘദൃഷ്ടിയോടും സംഘടനാബലത്തോടുംകൂടി നമ്മുടെ വിശ്വാസികൾ സാമൂഹ്യരംഗത്തു പ്രവർത്തനം ആരംഭിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിനു് എല്ലാവിധത്തിലും അനുയോജ്യമായ ഒരുപാധിയാണ് കത്തോലിക്കാകോൺഗ്രസ് - - - -"

(പേരാവൂർസമ്മേളനത്തിലെ ഉൽഘാടനപ്രസംഗത്തിൽ നിന്നു്.)

കോതമംഗലം മെത്രാൻ റൈററു് റവ. ഡോ. മാത്യു പോത്തനാമൂഴി തിരുമേനി:-

(സർക്കുലർ നമ്പർ. 15/1959)

ബഹു. സഹോദരരെ പ്രിയ മക്കളേ,

നമ്മുടെ സഭയുടെയും സമുദായത്തിന്റെയും ഉത്തമതാല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു സംഘടനയാണ് അഖില കേരള കത്തോലിക്കാ കോൺഗ്രസ്. അതതുകാലങ്ങളിൽ സഭയേയും സമുദായത്തേയും സ്പർശിക്കുന്ന പ്രശ്നങ്ങൾ ആവിർഭവിക്കുമ്പോൾ കത്തോലിക്കാകോൺഗ്രസാണ് അ

വയ്ക്കുവേണ്ടി ഇതുപര്യന്തം സ്വരം ഉയർത്തിയിട്ടുള്ളതും സുധീരം സമരം ചെയ്തിട്ടുള്ളതും. ഈ പുരോഗമനപരമായ കോൺഗ്രസ് തുടർന്നുകൊണ്ടുതന്നെയിരിക്കുന്നുവെന്നറിയാമല്ലൊ.

.. ..

സഭക്കാരിതരുടെയും പൊതുജനങ്ങളുടെയും ദൃഷ്ടിയിൽ ഒരു സംഘടനയ്ക്ക് അതു് അർഹിക്കുന്ന പ്രാമാണ്യവും സമ്മതിയും ലഭ്യമാകുന്നതിനു് അത്യാവശ്യമായ ഒരു ഘടകമത്രെ അംഗങ്ങളുടെ സംഖ്യ. സംഘടനയുടെ പ്രാതിനിധ്യസ്വഭാവം നിർണ്ണയിക്കപ്പെടുന്നതും അതിന്റെ അംഗങ്ങളുടെ സംഖ്യ അടിസ്ഥാനപ്പെടുത്തിയാണു്. 20 ലക്ഷത്തിൽപരം കേരളകത്തോലിക്കരെ പ്രതിനിധീവത്കരിക്കുന്ന നമ്മുടെ ഏകസംഘടനയായഅഖിലകേരള കത്തോലിക്കകോൺഗ്രസ്സിന്റെ അംഗസംഖ്യ 10000-ൽ താഴെയാണെന്നുള്ള വസ്തുത പരിതാപകരമാണു്. നമ്മുടെ ജനങ്ങളുടെ സഹകരണക്കുറവാണു് ഇതിനു മുഖ്യകാരണം. സമുദായത്തെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന നിരവധി പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ട ഈ അവസരത്തിലെങ്കിലും നമ്മുടെ ജനങ്ങൾ സന്ദർഭത്തിന്റെ ഗുരുത്വം മനസ്സിലാക്കി പ്രവർത്തിച്ചുകാണുവാൻ ആഗ്രഹിക്കുന്നു.

.. ..

നമ്മുടെ കൃപയിൽ എല്ലാപള്ളികളോടും അനുബന്ധിച്ചു് കത്തോലിക്കകോൺഗ്രസിന്റെ ഓരോ ശാഖഉണ്ടായിരിക്കണമെന്നു് നമുക്കു് അധികമായ ആഗ്രഹമുണ്ടു്. അതതുപള്ളിയുടെ അതൃത്തിയിൽ ഉള്ള വീടുകളിൽ പ്രായപൂർത്തിയായ പുരുഷന്മാരും സ്ത്രീകളും കത്തോലിക്കകോൺഗ്രസിന്റെ അംഗങ്ങളായി ചേരണമെന്നും നാം ആഗ്രഹിക്കുന്നു.

സംഘടനയുടെ പ്രവർത്തനം വിജയപ്രദമാകണമെങ്കിൽ പ്രവർത്തനോത്സുകമായ പണവും ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. ആകയാൽ കഴിവനുസരിച്ചു നാം കോൺഗ്രസ് സംഘടനയെ സഹായിക്കേണ്ടതാണു്.

മേൽ വിവരിച്ചകാര്യങ്ങൾ ബ. വൈദികരുടെയും ജനങ്ങളുടെയും അവഗാഢമായ ശ്രദ്ധയിൽപെടണമെന്നും കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായിത്തീരത്തക്കവണ്ണം ഏവരും പരിശ്രമിക്കണമെന്നും ഉൽബോധിപ്പിച്ചുകൊണ്ടു് പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ നിങ്ങളെ നാം ആശീർവദിക്കുന്നു.

എന്നു്.

കോതമംഗലത്തു നമ്മുടെ മെത്രാസനമന്ദിരത്തിൽ നിന്നു്

1959 ജനുവരിമാസം 1-ാംതീയതി

കോതമംഗലം മെത്രാൻ.

തൃശ്ശൂർ മെത്രാൻ റൈറ്റ് റവ. ഡോ. ജോർജ് ആലപ്പാട്ട തിരുമേനി:-

(സർക്കുലർ നമ്പർ 1187/60, 4-11-60)

കേരള കത്തോലിക്കരുടെ സാമൂഹ്യമായ ഉന്നമനത്തിനും സഭയുടെ നാനാവിധമായ സംരക്ഷണത്തിനും പ്രചാരത്തിനും വളരെ ഒരു സഹായവും ഉപാധിയുമായി നിലകൊള്ളുന്നതു് അഖിലകേരളകത്തോലിക്കകോൺഗ്രസ്സ് ആണല്ലോ. ഏതാണ്ടു കൊല്ലങ്ങളായി പലേടത്തും സാമാന്യേന പ്രവർത്തനരഹിതമായികിടന്നിരുന്ന പ്രസ്തുതകോൺഗ്രസ്സ് ഇപ്പോൾ ഊർജ്ജസ്വലപ്രവർത്തനത്തിനു് ഒരുങ്ങിയിരിക്കുകയാണു്. അതിനെ നാനാവിധത്തിൽ പ്രോത്സാഹിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യേണ്ടതു് ഇന്നത്തെ ഒരു ആവശ്യം മാത്രമാണു്. സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തെ വിദ്യാഭ്യാസപ്രക്ഷോഭണം, അതിനെ തുടർന്നുണ്ടായ ഇതരവിദ്യാഭ്യാസപ്രക്ഷോഭണം, വിമോചനസമരം മുതലായഅവസരങ്ങളിൽ അഖിലകേരളകത്തോലിക്കകോൺഗ്രസിന്റെ ഉപയോഗ്യത നമുക്കു് അനുഭവപ്പെട്ടിട്ടുള്ളതാണല്ലൊ. കേവലം ഭക്തിപരമായ കാര്യങ്ങൾ വിട്ടുള്ള പ്രവർത്തനങ്ങൾക്കു് ഈ സംഘടന വലിയൊരു രംഗമായിത്തീർന്നിട്ടുണ്ടു്. അതുകൊണ്ടു് പാട്ടുള്ളടത്തോളം പ്രായപൂർത്തിയായ എല്ലാ കത്തോലിക്കരും ഇതിന്റെ അംഗങ്ങളായി ചേരണമെന്നും എല്ലാ ഇടവകകളിലും ഇതിന്റെ ശാഖകൾ ഉണ്ടായിരിക്കണമെന്നും നാം അഭിലഷിക്കുന്നു. ഇതിന്റെ പ്രവർത്തകരെയും അംഗങ്ങളെയും നാം ആശീർവദിക്കുകയും ഈ സംഘടന നമ്മുടെ സമുദായത്തിന്റെ പുരോഗതിയ്ക്കും വികസനത്തിനുമുള്ള ബലവത്തായ ഘടകമായി വളരട്ടെയെന്നു് ആശംസിക്കുകയും ചെയ്യുന്നു.

† G. C Alapatt
Bishop of Trichur.

Statement about ownership and other particulars
about the News paper A. K. C. C. Bulletin

FORM IV

(See Rules 8.)

1.	Place of Publication — — — —	Kottayam
2.	Periodicity of the Publication —	Monthly
3.	Printer's Name — — — —	Mathew J. Pallithanam
	Nationality — — — — —	Indian
	Address — — — — — —	Nagampadam, Kottayam.
4.	Publisher's Name Nationality Address	Do
5.	Editor's Name Nationality Address	Do
6.	Name and address of individuals who own the news-paper and partners or shareholders holding more than one percent of the total capital	The All Kerala Catholic Congress

I, Mathew J. Pallithanam, hereby declare that the particulars given above are true to the best of my konwledge and belief.

(Sd) Mathew J. Pallithanam
Publisher

Dated 15-3-1963

THE DHARMODAYAM COMPANY

TRICHUR

(ESTED-1919)

DHARMODAYAM

* HALPS THE POOR
* AIDS EDUCATION
* ENCOURAGES INDUSTRY

Pioneers in Conducting Kuries (CHIT FUNDS)


Under Cochin Kuries Act.

BOARD OF DIRECTORS

1	Sri C. L. Mathew	Chairman	
2	,, C. D. Chacko	TRUSTEES	
3	,, C. O. Kunjuvareed	TRUSTEES	
4	,, P. O. Anthony	TRUSTEES	
5	,, P. A. Kurian	TRUSTEES	
6	,, C. L. Joseph		
7	,, A. C. Sebastian		
8	Sri A. P. Kuriappan		
9	,, C. O. Anthony		
10	,, C. J. Paul		
11	,, P. J. Kunjuvareed		
12	,, C. T. Chackunny		
13	,, Kurian S. Manavalan		
14	,, C. P. Maney		

ശക്തി ആർജ്ജിക്കണം

എ.കെ.സി.സി. പ്രസിഡണ്ടിന്റെ ആഹ്വാനം



കന്യാകുമാരിമുതൽ കാസർകോട്ടവരെ 4 അതിരൂപതകളിലും 13 രൂപതകളിലുമായി കത്തോലിക്കരുടെ മൊത്തം സംഖ്യ 28 ലക്ഷമാണ്. കേരളീയരെ വർഗ്ഗീയമായോ സാമുദായികമായോ തിരിച്ചു കണക്കാക്കിയാൽ സംഖ്യാബലംകൊണ്ട് നമുക്കു രണ്ടാമത്തെ സ്ഥാനമാണുള്ളത്. എങ്കിലും ഒരിടയന്റെ കീഴിൽ ഒരു തൊഴുത്തിൽ വസിക്കുന്ന നമ്മെപ്പോലെ സംഘടിതമല്ല കേരളത്തിലെ മറേറതൊരു സമുദായവും. അടിയന്തിരാവസരങ്ങളിൽ നാം ഒറ്റക്കെട്ടായിനിന്നു നമ്മുടെ അവകാശങ്ങൾ നേടിയെടുത്തിട്ടുണ്ട്. എന്നാൽ അടിയന്തിരാവസ്ഥയില്ലാത്ത കാലങ്ങളിൽ നാം ആർജ്ജിക്കുന്ന ശക്തിയാണ് അടിയന്തിരഘട്ടങ്ങളിൽ നമ്മെ വിജയിപ്പിക്കുന്നതു് എന്നുള്ള വസ്തുത നാം വിസ്മരിച്ചുകളയുന്നു. തന്മൂലം ഇതര സാമുദായികസംഘടനകൾ ശക്തി ആർജ്ജിച്ചുകൊണ്ടിരിക്കുന്ന സമാധാനകാലങ്ങളിൽ നാം ദീർഘനിദ്രയിൽ ആണ്ടു കഴിയുകയാണു്. ചിലപ്പോഴെല്ലാം ഉണർന്നുനോക്കുമ്പോൾ നമ്മുടെ പിന്നിലായിരുന്ന ചില സമുദായങ്ങൾ നമ്മുടെ ഒപ്പമെത്തിയിരിക്കുന്നതായും മറ്റു ചിലവ നമ്മോടു വളരെ അടുത്തിരിക്കുന്നതായും കാണപ്പെടുന്നുണ്ട്.

ഈ സ്ഥിതിയിൽ നാം എന്താണു ചെയ്യേണ്ടതു് എന്നു് ആലോചിച്ചു തീർച്ചപ്പെടുത്തുവാൻ ഇനിയും സമയമില്ല. കത്തോലിക്കാസമുദായത്തിനുണ്ടായിരുന്നതും കുറേശ്ശേ നഷ്ടപ്പെട്ടുകൊണ്ടിരുന്നതുമായ നിലയും സ്ഥാനവും വീണ്ടെടുക്കുന്നതിനു നാം ഒത്തൊരുമിച്ചു ശ്രമിച്ചേ മതിയാകൂ. നമ്മുടെ പിന്നിലുള്ളവർ മുന്നോട്ടു ഓടുന്ന സ്പീഡിൽതന്നെയെങ്കിലും നാം ഓടിയില്ലെങ്കിൽ—സ്പീഡ് അല്പമെങ്കിലും കുറഞ്ഞുപോയാൽ—പിൻപന്മാർ മുൻപന്മാരും മുൻപൻ പിൻപനും ആയിപ്പോകും. ആകയാൽ (to remain where we are we have to run fast)—നാം ആയിരിക്കുന്നിടത്തുതന്നെ ആയിരിക്കുന്നതിനു വളരെ വേഗത്തിൽ ഓടേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം, വ്യവസായം, കൃഷി മുതലായ രംഗങ്ങളിൽ ഒരുകാലത്തു നാം മുന്നണിയിലായിരുന്നെങ്കിലും ഇന്നു ആ നില നമുക്കു നഷ്ടപ്പെട്ടു. അതു വീണ്ടെടുക്കുന്നതിനു സമുദായം ഒറ്റക്കെട്ടായിനിന്നു് ഒരു ഭഗീരഥപ്രയത്നംതന്നെ ചെയ്യേണ്ടിയിരിക്കുന്നു.

അർഹതയുള്ളവർക്കു പ്രോത്സാഹനം ലഭിക്കാതെ അസംതൃപ്തമായിരിക്കുകയാണു് സമുദായത്തിൽ പലരും. സാമുദായികമായും സാമ്പത്തികമായും പരിഹാരം കണ്ടെത്തേണ്ട അനേകം പ്രശ്നങ്ങളുടെ മദ്ധ്യേയാണു കേരള കത്തോലിക്കാസമുദായം ഇന്നു നിൽക്കുന്നതു്. സാമുദായികശക്തി വേണ്ടത്ര സംഭരിക്കാത്തതുകൊണ്ടു് രാഷ്ട്രീയപ്രശ്നങ്ങളേയും ഒട്ടുവളരെ നാം അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ടു്.

മതപരമായ വ്യത്യാസങ്ങൾ വിസ്മരിച്ചു് ഇതര ക്രൈസ്തവവിഭാഗങ്ങളുമായി സഹകരിച്ചും സാമുദായികമായി നാമെല്ലാം ഒന്നാണെന്നുള്ള വസ്തുത കണക്കിലെടുത്തും പ്രവർത്തിക്കേണ്ടതാണു്.

കേരളത്തിൽ ആകെ 2500 ഇടവകകൾ ഉണ്ടു്. 1963 ഡിസംബർ ആകുമ്പോൾ ഒരിടവകയിലെങ്കിലും ഒരു ശാഖായോഗം എന്നകണക്കിൽ കത്തോലിക്കാ കോൺഗ്രസ്സിനു 2500 ശാഖായോഗങ്ങൾ ഉണ്ടാകണമെന്നുള്ള ഭരവാഹികളുടെ ആത്മാർത്ഥമായ ആഗ്രഹം സമുദായസമക്ഷം സമർപ്പിക്കുന്നതിനു് ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. ആയതു ഫലപ്രദമാക്കുന്നതിനു സമുദായസ്നേഹികളായ ഏവരുടെയും സഹകരണം സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

കോട്ടയം
10-5-63

പി. സി. അബ്രാഹം ബി. എ, ബി. എൽ
പ്രസിഡണ്ടു്, എ. കെ. സി. സി

ഡ്രൈവിംഗ് പഠിപ്പുവാൻ

"മോട്ടോർകാർ ഡ്രൈവിംഗ് മാസ്റ്റർ"

(മലയാളം) രണ്ടാംപതിപ്പു്

വില 3 ക. പോസ്റ്റേജ് 70 ന.പ.

ഗ്രന്ഥകർത്താ: കെ. സി. ഇട്ടൂപ്പു്.


പ്രസാധകർ: കേരളടാൻസ്പോർട്ടിംഗ്
കമ്പനി

M. O. റോഡ്, തൃശൂർ—1

ഫോൺ 593 ടെലഗ്രാ VEHICLE.

With Best Compliments

of



CALCUTTA & SRINAGAR

MANUFACTURERS OF CANNED

- ★ Fruits
- ★ Jams
- ★ Vegetables
- ★ Soup
- ★ Juices
- ★ Jelly Crystals
- ★ Chutney
- ★ Sauce

PACKED IN MOST HYGENIC CONDITION

നമ്മുടെ സംഘടനയിലൂടെ ഒരു തിരിഞ്ഞുനോട്ടം.

"പുരാതനത്വത്തെ മാനദണ്ഡമായെടുക്കുന്നപക്ഷം കേരളത്തിൽ മറേറതു സമുദായത്തിനുമുള്ളതുപോലെ അട്ടപ്പുവും ബന്ധവും ക്രിസ്തുമതത്തിനും കേരളത്തിനും തമ്മിലുണ്ട്. ദേശാഭിവൃദ്ധിയെ ഉദ്ദേശിച്ചും രാജ്യക്ഷേമത്തെ ഗൗനിച്ചും മുന്നണിയിൽനിന്നു പ്രവർത്തിപ്പാനും ഉന്നതത്തിലേറി വീക്ഷിപ്പാനും കേരളീയ കത്തോലിക്ക ജനതയ്ക്കു വലുതായ ഉത്തരവാദിത്വവും ബാദ്ധ്യതയുമുണ്ട്. രാജ്യക്ഷേമമോ, ദേശാഭിവൃദ്ധിയോ, സാമുദായികോന്നമനമോ ഏതൊന്നിനെ അവലംബിച്ചും ആശ്രയിച്ചുമിരുന്നാലും അവയിലോരോന്നിലും സുധീരം പ്രവേശിച്ചു്, പ്രതിബന്ധങ്ങളെ തട്ടിത്തകർത്തു്, ധർമ്മയത്നം ചെയ്യുന്നതായ കടമയും ഒരു കത്തോലിക്കനുള്ളതത്രെ" എന്നു ഭാരത നൃമാൻ മാർ ഇവാന്യോസ് തിരുമേനി കത്തോലിക്ക കോൺഗ്രസിന്റെ മൂവാറ്റുപുഴ സമ്മേളനത്തിൽ പ്രസ്താവിച്ചു. ഈവിധത്തിലുള്ള പ്രഖ്യാപനങ്ങൾ ഏതു മണ്ഡലത്തിലുള്ള അവകാശങ്ങളും അർഹതകളും ചോദിച്ചുവാങ്ങുവാനുള്ള സമുദായത്തിന്റെ സന്നദ്ധതയ്ക്കു മാറ്റുകൂട്ടി—

ലേഖകൻ— വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.

സാമൂഹ്യസമ്മേളനങ്ങൾ

അഖില കേരള കത്തോലിക്കകോൺഗ്രസ്സിനെപ്പറ്റി ചിന്തിയ്ക്കുമ്പോൾ അതിന്റെ മൂലമെന്തു സകാരണം പരിഗണിക്കപ്പെടുന്ന കേരളീയ കത്തോലിക്കരുറിയാനി സാമൂഹ്യ സമ്മേളനത്തിന്റെ കായ്മും സ്മരണയിൽ പൊന്തിവരുന്നു. സമ്മേളനത്തിന്റെ ലക്ഷ്യം തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് മലബാർ എന്നീ പ്രദേശങ്ങളിലെ കത്തോലിക്കസുറിയാനിക്കാർ തമ്മിൽ കണ്ട പരിചയപ്പെട്ടു് പൊതുക്കായ്മുകൾ ചർച്ചചെയ്തു ഭാവിപ്രവർത്തനമാർഗ്ഗം തീരുമാനമെടുക്കുകയായിരുന്നു. അഭ്യസ്തവിദ്യരായ ഏതാനും സമുദായാഭിമാനികളുടെ ഉത്സാഹഫലമായി രൂപംകൊണ്ട കത്തോലിക്ക സുറിയാനി സാമൂഹ്യസമ്മേളനത്തിന്റെ പ്രവർത്തനത്തിനു ചില നിയമങ്ങളും ഒരു നിർവ്വാഹകസംഘവും ഉണ്ടായിരുന്നുവെങ്കിലും സമുദായത്തിലെ അവാന്തരവിഭാഗങ്ങളെയെല്ലാം അതു പ്രതിനിധാനം ചെയ്തിരുന്നില്ല. കേരളകത്തോലിക്ക സമുദായത്തിൽനിന്നു് ഇംഗ്ലീഷ്പ്രമുഖമായി എഫ്. എൽ. പരീക്ഷ ജയിച്ചു പിരിഞ്ഞിരുന്നവർ അഭിഭാഷകപ്രമുഖനായി പരിലസിച്ചിരുന്ന മി. ജോർജിയക്കു് നിധീരിയുടെ അദ്ധ്യക്ഷതയിൽ 1907-ൽ ആലപ്പുഴവച്ചുനടന്ന ഒന്നാമത്തെ സമ്മേളനം മുതൽ പ്രസ്തുത ന്യൂനത വിമർശനവിഷയമായി. പിന്നീടു നടന്ന സമ്മേളനങ്ങളിൽ മെസ്സേഴ്സ് ഐ. സി. ചാക്കോ, ജോൺ നിധീരി, സി അന്തപ്പായി, വി ഡി ഔസേപ്പു്, ജോസഫ് തളിയത്തു് എന്നീ മഹാരഥന്മാരദ്ധ്യക്ഷരായിരുന്നുവെന്നോർമ്മിക്കുമ്പോൾ സമ്മേളനം ഉദ്ദേശിച്ചിരുന്നതിലും ചടങ്ങായികഴിഞ്ഞിരുന്നില്ലെന്നു നിഷ്പ്രയാസം ഗ്രഹിക്കാം.

സമ്മേളനാവസരങ്ങളിൽ സമുദായനന്മ മുൻനിറുത്തി ചില നിശ്ചയങ്ങൾ ചെയ്യുക പതിവുണ്ടായിരുന്നു. അദ്യ, ആഭരണം, വസ്ത്രാലങ്കാരം, ഇവ സംബന്ധിച്ചുള്ള അമിതവ്യയം കുറയ്ക്കുന്നതിനു സമുദായാംഗങ്ങളോടഭ്യർത്ഥിക്കുന്ന പ്രമേയങ്ങൾക്കുപുറമെ, സമുദായംവകയായി ഒരു പത്രം നടത്തണമെന്നും, ഇടവകതോറും സമ്മേളനത്തോടനുബന്ധിച്ചു് ശാഖാ സംഘങ്ങൾ സ്ഥാപിക്കണമെന്നും, പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നും ഇടവകതോറും പരസ്പര സഹായസംഘങ്ങൾ ഏർപ്പെടുത്തണമെന്നും നിശ്ചയങ്ങൾ ചെയ്തു. ബി.എ.പരീക്ഷയ്ക്കു മലയാളത്തിൽ ഒന്നാംസ്ഥാനംനേടി ജയിച്ച കേരളവർമ്മ കീർത്തിമുദ്ര സമ്പാദിച്ച എ ജെ വറുഗീസ് അവർകൾക്കു് തൃശ്ശിവപേരൂർ സമ്മേളനത്തിൽവച്ചും, സമുദായത്തിൽനിന്നു് ബി. എ. ബിരുദം നേടിയ ഒന്നാമത്തെ വനിത ശ്രീമതി കളപ്പുരക്കൽ ത്രേസ്യാമ്മയ്ക്കും ആദ്യം ബി. ഇ. പരീക്ഷ പാസ്സായ കെ.സി. തോമസ് ബി. എ. അവർകൾക്കും ഇരിങ്ങാലക്കുട സമ്മേളനത്തിൽ വച്ചും, ഇദംപ്രഥമമായി ബാരിസ്റ്റർ സ്ഥാനം കരസ്ഥമാക്കിയ ജോസഫ് തളിയത്തു് എം. എ. അവർകൾക്കു് ഒല്ലൂർ സമ്മേളനത്തിൽവച്ചും ഓരോ സ്വർണ്ണമെഡൽ സംഭാവന നൽകിയതു് സമ്മേളനനടപടികളിൽ സ്മരണീയമാകുന്നു.

ഒല്ലൂരും കുറവിലങ്ങാട്ടും

മെസ്സേഴ്സ് സി. വി. അന്തോണി (അദ്ധ്യക്ഷൻ) ജെ. ജോൺ നിധീരി (സഹായാദ്ധ്യക്ഷൻ) വി. ഡി. ഔസേപ്പു്, സി. എം. ഫിലിപ്പു്, എം. സി. തോമസ് (കായ്ദർശിമാർ) വി.വി.ജോസഫ് (ഖജാൻജി) സി. ജെ.വറുഗീസ്, റവ.ജെ.മാത്യു, തരയിലുകുഞ്ഞിത്തൊമ്മൻ, വല്യാറപ്പാറയിൽ അവിരാതരകൻ, കെ.സി.തോമസ് ജോസഫ് തളിയത്തു്, കൊല്ലമ്പറമ്പിൽ ജോസഫ് കുരുവിള, സി, ജെ. വക്കി, എ. സി. കുര്യാക്കോസ്, ഫ്രാൻസീസ്സു് പാനിക്കുളം, ജോസഫ് പെട്ട, കോട്ടൂർ ഔസേപ്പു് അയ്പു്, റവ.ചാണ്ടി വി.റവ.മൈനാൻ, എൽ.എം. ആൻഡ്രൂസ്, കുര്യാള കുര്യാളച്ചേരിൽ സിറിയക്കു് നിധിയിരി, തോട്ടാൻ അന്തോണി ഔസേപ്പു്, തോട്ടങ്കൽ കുഞ്ഞിപ്പാലു മുതലായ അറുപതു കമ്മറ്റി അംഗങ്ങൾ ചേർന്നു് ഒരു ഭരണസമിതി ഒല്ലൂർ സമ്മേളനത്തിൽവച്ചു് തിരഞ്ഞെടുക്കപ്പെട്ടതിനെതുടർന്നു് കേരള കത്തോലിക്കസുറിയാനി സാമൂ

ക്യസമ്മേളനത്തിന്റെ പ്രാതിനിദ്ധ്യം വിപുലീകരിയ്ക്കുവാനുള്ള ശ്രമം പലവഴിക്കും നടന്നു. ഒല്ലൂർ സമ്മേളനത്തിൽ ഏതാനും ബ: വൈദികർ സന്ദർശകരായി സന്നിഹിതരായിരുന്നതു് വൈദികരുടെ ഔദ്യോഗികമായ സഹകരണം സമ്മേളനവിജയത്തിനു വഴിതെളിയ്ക്കുമെന്നുള്ള ബോധം പലരിലുമുളവാക്കുകയുംചെയ്തു.

ഇതിന്റെഫലമായി 1916-ൽ കുറവിലങ്ങാട്ടു നടന്ന അടുത്ത സമ്മേളനത്തിലെ കായ്ദർശിമാരിൽ ഒരാളായി ഫാദർ സി കെ മറേറം തിരിഞ്ഞെടുക്കപ്പെട്ടു. സ്വീകരണസംഘത്തിന്റെ ആദ്ധ്യാത്മികോപദേഷ്ടാസ്ഥാനം കുറവിലങ്ങാട്ടു പള്ളിവികാരി പുരയ്ക്കൽ തോമ്മാക്കത്തനാർ അവർകൾ സ്വീകരിക്കയും ചെയ്തു. ഈവിധം വൈദികരുടെ സഹകരണം ഉദ്യോഗവശാൽ സമ്മേളനത്തിനു ലഭിച്ചതിനു പുറമെ സമ്മേളനാദ്ധ്യക്ഷനായി ഒരു വൈദികനെ, കേരളകത്തോലിക്കസമുദായത്തിനു് ഒരു തൊട്ടകുറിയായിപരിലസിച്ചദ്ദേഹവും ബി. എ.ബിരുദം നേടിയ നമ്മുടെ ആദ്യത്തെ പുരോഹിതനുമായ ഫാദർ ജോൺ പാലോക്കാരനെ, ലഭിച്ചുവെന്നുള്ളതും പ്രസ്താവയോഗ്യമാണു്. സ്വീകരണ സംഘാദ്ധ്യക്ഷൻ ജോൺ നിധീരി അവർകൾ അദ്ദേഹത്തിന്റെ സ്വാഗതപ്രസംഗത്തിൽ വൈദികസഹകരണത്തെപ്പററി ഇപ്രകാരം പ്രസ്താവിച്ചു; "വൈദികരുടെ കൂട്ടുതൽ പ്രവേശനത്തിനു വേണ്ട സൌകര്യങ്ങൾ ഈ സമ്മേളനത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതു് ഈ യോഗത്തിന്റെ ഒരു പ്രത്യേകതയാണെന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. തല്ഫലം നമ്മുടെ സമ്മേളനത്തിനു പൂർവ്വാധികമായ ശ്രേയസ്സും പുഷ്ടിയുമുണ്ടാകുമെന്നു വിശ്വസിക്കപ്പെട്ടിരിയ്ക്കുന്നുവെന്നു്." ഇവിടെ സൂചിതമായ വിശ്വാസം അസ്ഥാനത്തായില്ലായെന്നു് പിൽക്കാലസംഭവങ്ങൾ ബഹുധാ തെളിയിച്ചിട്ടുണ്ടു്. സമ്മേളനത്തെ പരിഷ്ക്കരിച്ചു് ശക്തിയുക്തമായ ഒരു സംഘടനയാക്കുവാനുള്ള ആഹ്വാനം ബ: പാലോക്കാരനച്ചന്റെ അദ്ധ്യക്ഷപ്രസംഗത്തിലുണ്ടായിരുന്നു. പ്രസക്തമായ പ്രസംഗഭാഗം ഇങ്ങനെ കാണുന്നു; "ഇനി നാം ജാഗരൂകരായി പ്രവത്തിച്ചു് പരിഷ്ക്കാരോന്മുഖങ്ങളായ സാമുദായിക വ്യവസ്ഥകളെ വരുത്തേണ്ടിയ കാലം വൈകിയിരിക്കുന്നു. ഇതിനു പ്രതിബന്ധമായി ഇതേവരെ കരുതപ്പെട്ടിരുന്നതു് വൈദികരും ലൌകികരും ഒത്തൊരുമിച്ചു പ്രവത്തിക്കാതെ രണ്ടു പന്ഥാവുകളിൽകൂടി ചരിച്ചിരുന്നുവെന്നതാണു്. എന്നാൽ ഇനിമേലിൽ അപ്രകാരമായിരിക്കുകയില്ലെന്നു് നമുക്കു ആശംസിക്കാം. .... സാമൂഹ്യസമ്മേളനത്താലും സമ്പർക്കത്താലും സിദ്ധിക്കുന്ന ഗുണങ്ങൾ പരമോദ്ദേശ്യങ്ങളല്ലാ. പ്രത്യുത മറുവിഷയങ്ങളിലും സംഘങ്ങളിലും ചേന്നു പ്രവത്തിക്കുന്നതിനുള്ള ഉപകരണങ്ങളായി മാത്രമേ ഗണിച്ചുകൂടൂ. ആയതിനാൽ ഈ അവസരത്തിൽ വിപുലതരമായ ഘടനയോടുകൂടിയ ഒരു സംഘത്തിന്റെ ആവശ്യകതയെപ്പററി ചിന്തിക്കേണ്ടിയിരിക്കുന്നു - - -ഏതുപ്രകാരമായാലും കനത്ത ഘടനയോടുകൂടിയ ഒരു 'സുവ്സാമാന്യസംഘം' കാലവിളംബം കൂടാതെ ഏർപ്പെടുത്തേണ്ടതാണെന്നു് ഞാൻ സവിനയം അഭിപ്രായപ്പെട്ടുകൊള്ളുന്നു— പ്രധാന ഇടവകകളിലെങ്കിലും ശാഖകൾ സ്ഥാപിച്ചു് ഇവയെല്ലാം കൂട്ടിച്ചേർത്തു് ഒരു പൊതു വികാരിയാത്ത സംഘടനയേപ്പെട്ടുത്തുകയും വികാരിയാത്ത സംഘങ്ങളെ സംഘടിപ്പിച്ചു് സുവ്സാധാരണമായ ഒരു മഹായോഗം സ്ഥാപിക്കുകയും ചെയ്യുന്നതു് സ്പൃഹണീയമായ ഒരാദർശമായിരിക്കും." കുറവിലങ്ങാട്ടെ സമ്മേളന പ്രവത്തനങ്ങളിൽ പ്രധാനഭാഗം വഹിച്ചു്, സമ്മേളനത്തിലെ ഒരു പ്രസംഗകൻകൂടിയായിരുന്ന ഡാക്ടർ പി. ജെ. തോമസ് അവർകളും തന്റെ പ്രസംഗത്തിൽ ഒരു പൊതു സംഘടനയുടെ ആവശ്യകത ചൂണ്ടിക്കാണിക്കുകയുണ്ടായി. "കത്തോലിക്കസമുദായത്തിനു യഥാത്ഥമായ ശക്തി വേണമെങ്കിൽ ആ സമുദായം ഒരു ജനതയായി വത്തിയ്ക്കാതെ കഴികയില്ലെന്നു പ്രസ്പഷ്ടംതന്നെ. മാത്രമല്ലാ, രാജ്യകയ്യ വിഭാഗങ്ങളോടു യോജിയ്ക്കാത്തതിനാൽ മിസ്സുങ്ങളെഈവിധം വേർതിരിക്കുന്നതു് ശക്തിക്ഷയമായിരിയ്ക്കും. അതിനാൽ മിസ്സയോഗങ്ങളും പൊതുവായ ഒരു മഹാജനസഭയുടെ നിയോഗപ്രകാരം വത്തിയ്ക്കേണ്ടതാണു്. ഈവിധമുള്ള ഒരു സമസ്ത കേരളകത്തോലിക്കാ മഹാജനസഭയാണു് നമ്മുടെ സമുദായസൌധത്തിന്റെ മേൽപുര. തൂണുകൾ എതുവിധം മേൽപുരയെ താങ്ങുന്നുവോ, അതേവിധം നമ്മുടെ പലതരം യോഗങ്ങൾ ഒരു മഹാസഭയെ സഹായിക്കണം. ഇടവകയിൽനിന്നും മിസ്സത്തിൽ നിന്നും മറും പ്രതിനിധികൾ ചേന്നു ഒരു മഹാസഭയുണ്ടാകുമ്പോൾ ഈ സഹായം ഘടനയിലായി. ഈവിധം സഹായിക്കുമ്പോൾ ആ മഹാസഭയുടെ നിശ്വയങ്ങൾ ഇടവകയിലും മിസ്സത്തിലും ഒരുപോലെ നടപ്പിൽ വരുന്നതുമാണു്" എന്നിങ്ങനെ മി. തോമസ് പ്രസ്താവിച്ചു.

ഈദൃശാശയങ്ങളിൽ പ്രേരിതനായി പൊതുകായ്യദർശിയായ ഫാദർ മറേറത്തിനോടൊപ്പം പ്രവത്തിച്ചിരുന്ന ഈ എഴുത്തുകാരൻ "കേരളീയകത്തോലിക്കാസംഘം" എന്ന പേരിൽ ഒരു സംഘടനയുണ്ടാകണമെന്നു് നിർദ്ദേശിയ്ക്കുന്ന ഒരു പ്രമേയം പൊതുയോഗത്തിൽ അവതരിപ്പിച്ചുവെങ്കിലും അപ്രകാരമൊരു സംഘത്തിന്റെ വ്യക്തി,സംഘടന ഇവസംബന്ധിച്ചുയോഗാംഗങ്ങളിൽഅഭിപ്രായൈക്യം ഉണ്ടാകാതിരുന്നതിനാൽ പ്രമേയം പാസ്സാക്കുവാൻ ഇടവന്നില്ല. എങ്കിലും പൊതു സംഘടനയെപ്പററി അനുകൂലാഭിപ്രായം അനുദിനം വർദ്ധിച്ചുവന്നു. സുപ്രസിദ്ധ കേരളസഭാചരിത്രകാരനായ ക.നി.മൂ.സ. ബ: ബർണാർദച്ചൻ അവർകൾക്കു് അദ്ദേഹത്തിന്റെ പേരിൽ സമുദായത്തിനുണ്ടായിരുന്ന കൃതജ്ഞതാ സൂചകമായി ഒരു സ്വർണ്ണമെഡൽ നൽകിയെന്നുള്ളതു് കുറവിലങ്ങാട്ടസമ്മേളനത്തിലെ അവിസ്മരണീയസംഭവങ്ങളിലൊന്നായിരുന്നു.

കേരളീയകത്തോലിക്കമഹാജനസഭ–1918

1918-ൽ ചങ്ങനാശേരിയിൽവച്ചു് അഭിവന്ദ്യ കയ്യാളശ്ശേരി മാർ തോമ്മാ മെത്രാൻ തിരുമനസ്സിലെമഹനീയാദ്ധ്യക്ഷതയിൽ കേരളകത്തോലിക്കമഹാജനസഭസംഘടിതമായി.

അതിനുശേഷം സംഘടനയുടെ പ്രവത്തനങ്ങൾ പരിധിയിലും ഫലപ്രാപ്തിയിലും ബഹുവിധം വികാ

THE INDIAN INSURANCE & BANKING CORPORATION LIMITED,

Registered Office, Municipal Office Road,

TRICHUR-1

(ESTD. 1933)

Branches:-

Alwaye, Calicut, Chowghat, Salem, Shertallai, Tirur, Tattamangalam & Trichur.

* ALL KINDS OF BANKING BUSINESS TRANSACTED
* DEPOSITS ARE ACCEPTED ON ATTRACTIVE TERMS
* ADVANCES ARE MADE ON APPROVED SECURITIES

For details contact Head Office or Branches.

Board of Directors

1. Shri Jacob Kalliath B.A.,B.L., (Chairman)
2. Shri C. T. Chakkunny (Deputy Chairman)
3. Shri K. C. Chacko
4. Shri P. D. Francis B.A.,B.L.
5. Shri T. R. Kunjuvaried
6. Shri K. T. Antony
7. Shri C. J. Paul B.A., B.L.
8. Shri C. P. Maney B.A.
9. Shri P. A. Kurian
10. Shri A. A. Lonappan
11. Shri T. K. Louis B.A., B.L.

C. P. THOMAS,
Manager.

സം പ്രാപിച്ചു എന്നു പറയേണ്ടതുണ്ട്. വാഷ്ികസമ്മേളനങ്ങളോടനുബന്ധിച്ചു് വിദ്യാഭ്യാസം, രാഷ്ട്രീയം, സാഹിത്യം, പൌരാവകാശം ഇവസംബന്ധിച്ചു ചർച്ചായോഗങ്ങളും വനിതാസമ്മേളനങ്ങളും ബാലജനസമ്മേളനങ്ങളും യുവജനകോൺഫറൻസുകളും മദ്യപാനനിരോധനയോഗങ്ങളും അകത്തോലിക്കാസഹോദരങ്ങളോടു സഹകരിച്ചുള്ള സമ്മേളനങ്ങളും നടന്നിട്ടുണ്ടു്. വാഷ്ികയോഗങ്ങളിൽ അവസരോചിതങ്ങളും ഉപകാരപ്രദങ്ങളുമായ പ്രമേയങ്ങൾ പാസ്സാക്കി സക്കാരധികാരികളുടെയും മറ്റും സമക്ഷം അയച്ചുകൊടുത്തു് സമുദായത്തിന്റെ ആവശ്യങ്ങളും താല്പര്യങ്ങളും അവരെ അറിയിക്കുകയും നിവൃത്തിമാർഗ്ഗം നേടുകയും ചെയ്തിട്ടുണ്ടു്. അഭിവന്ദ്യ ശ്രേഷ്ഠാധികാരികളും ഇതര സമുന്നതവ്യക്തികളും വാഷ്ികയോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കുകയും അദ്ധ്യക്ഷന്മാരും പ്രസംഗകരും വിദൂരവ്യാപകങ്ങളായ സൽഫലങ്ങൾ സമുദായത്തിനുളവാക്കുന്ന തത്വങ്ങളും ആശയങ്ങളും സദസ്യരുടെമുമ്പിൽ അണിനിരത്തുകയും അവയിൽ നിന്നു് ജനസാമാന്യം ഒട്ടധികം ഗ്രഹിക്കുകയും പഠിക്കുകയുംചെയ്യുവാൻ സംഗതിയാകയും ചെയ്തിട്ടുണ്ടു്. ഇക്കാരണങ്ങളാലായിരുന്ന മഹാജനസഭയുടെ ആറാമതു വാഷ്ികം തിരുവിതാംകൂറിൽ ആഘോഷിച്ചപ്പോൾ അന്നു് അദ്ധ്യക്ഷപീഠം അലങ്കരിച്ചിരുന്ന ഫ്രാൻസീസ് വാഴപ്പള്ളി മെത്രാൻ തിരുമേനി "കേരളത്തിലെ കത്തോലിക്കാസമുദായത്തിന്റെ അഭിവൃദ്ധിക്കും ഏകീകരണത്തിനും ഉപയുക്തമായ ഒരു യുവസ്ഥാപനമാണു് ഈ മഹാജനസഭയെന്നും അതിന്റെ വിജയത്തിനും പ്രയോജനത്തിനുംവേണ്ടി വൈദികരും ലൌകികരുമായ എല്ലാവരും യഥാശക്തി സഹകരിക്കേണ്ടതാണെന്നുമുള്ള ബോദ്ധ്യം എനിക്കു പൂർണ്ണമായിട്ടുണ്ടു്" എന്നു് പ്രസ്താവിക്കുവാനിടയായതു്. തീരുമനസ്സിലെ സമീചീനമായ ഈ ആശയം കൂടെക്കൂടെ ത്തേക്കു് സമുദായത്തിലെ എല്ലാത്തരം ആളുകളുടെയിടയിലും വേരുന്നകയെന്നു ചെയ്യു. മൂവാറ്റുപുഴ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചുകൊണ്ടു് ഭാരതനൃമാൻ മാർ ഇവാനിയോസ് തിരുമേനി, "പുരാതനത്തെ മാനദണ്ഡമായെടുക്കുന്നപക്ഷം കേരളത്തിൽ മറേതു സമുദായത്തിനുമുള്ളതുപോലെ അടുപ്പവും ബന്ധവും ക്രിസ്തുമതത്തിനും കേരളത്തിനും തമ്മിലുണ്ടെന്നു കാണാവുന്നതാണു്. ദേശാഭിവൃദ്ധിയെ ഉദ്ദേശിച്ചും രാജ്യക്ഷേമത്തെ ഗണിച്ചും മുന്നണിയിൽനിന്നു പ്രവർത്തിപ്പാനും ഉയരത്തിലേറി വീക്ഷിപ്പാനും കേരളീയകത്തോലിക്കാ ജനതതിക്കു് വലുതായ ഉത്തരവാദിത്വവും ബാദ്ധ്യതയുമുണ്ടു്. രാജ്യക്ഷേമമോ, ദേശാഭിവൃദ്ധിയോ, സാമുദായികോന്നമനമോ, ഏതൊന്നിനെ ആശ്രയിച്ചും അവലംബിച്ചുമിരുന്നാലും, അവയിലേതിലും സുധീരം പ്രവേശിച്ചു്, പ്രതിബന്ധങ്ങളെ തട്ടിത്തകർത്തു്, ധൈര്യത്തോടെ ചെയ്യുന്നതായ കടമയും ഒരു കത്തോലിക്കനുള്ളതത്രെ." എന്നു പ്രസ്താവിച്ചതു് ഈ അവസരത്തിൽ സ്മരണീയമാണു്. ഈ വിധത്തിലുള്ള പ്രഖ്യാപനങ്ങൾ ഏതു മണ്ഡലത്തിലുമുള്ള അർഹതകളും അവകാശങ്ങളും ചോദിച്ചു വാങ്ങുവാനുള്ള കത്തോലിക്കാസമുദായത്തിന്റെ സന്നദ്ധതയ്ക്കു് മാറ്റുകൂട്ടിയെന്നു പറയേണ്ടതില്ല.

ഇങ്ങനെയൊക്കെയായിട്ടും മഹാജനസഭയ്ക്കോ കോൺഗ്രസ്സിനോ തൃപ്തികരമായ അംഗസംഖ്യയില്ലെന്നുള്ള പരാതി പിള്ളാലത്തും മുഴങ്ങിക്കൊണ്ടിരുന്നു. മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനി ആലപ്പുഴസമ്മേളനത്തിൽ അദ്ധ്യക്ഷംവഹിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:- "മലബാർ കത്തോലിക്കാ കോൺഗ്രസ്സ് എന്ന ഈ മഹാജനസഭയുടെ നാമം അനവത്മാക്കിത്തീർക്കുന്നതിനു രാജ്യം, വർഗ്ഗം, ഭാഗം. റീത്തു് എന്നിവ പ്രകാരമുള്ള വ്യത്യാസങ്ങൾ പരിഗണിക്കാതെ, മലബാറിലെ സകലർക്കും പൊതുവും സാമാന്യവുമായ ഒരേകരംഗസ്ഥലമാക്കി ഇതിനെ ഇതിന്റെ നിയമത്താൽതന്നെ സ്ഥാപിക്കുകയാണു വേണ്ടതു് --- എല്ലാ പ്രദേശങ്ങളിലും അഥവാ മലബാറിലെ എല്ലാ മിസ്സങ്ങളിലും പ്രധാന ഇടവകകളിലും ഈ മഹാജനസഭയോടു പരസ്പരം ബന്ധമുള്ള ഉപശാഖകൾ സ്ഥാപിക്കപ്പെടുകയും വാഷ്ികസമ്മേളനാഘോഷാവസരങ്ങളിൽ ശാഖാസ്ഥലങ്ങളിലെ പ്രതിനിധികൾ സന്നിഹിതരായിരിക്കണമെന്നുള്ളതു് നിർബന്ധവിഷയമാക്കപ്പെടുകയുംചെയ്താൽ മഹാജനസഭയ്ക്കു് പൊതുവിൽ ഇപ്പോഴത്തേക്കാൾ കൂടുതൽ ആദരവുണ്ടാകുമെന്നാണു് എന്റെ പ്രതീക്ഷ."

കേരളകത്തോലിക്കാ കോൺഗ്രസ്-1930

തിരുവിതാംകൂറിനും കൊച്ചിക്കും ബ്രിട്ടീഷ് മലബാറിനും പ്രത്യേകംപ്രത്യേകം കത്തോലിക്കാ മഹാജനസഭകളോ കോൺഗ്രസ്സുകളോ വേണമെന്നുള്ള വാദം കുറേക്കാലത്തേയ്ക്കു് അന്തരീക്ഷം കലക്കിയിരുന്നു. പ്രസ്തുത വാദം അചിരേണ ദുർബലപ്പെട്ടു. മൂന്നു പ്രദേശങ്ങൾക്കുംകൂടി ഒരു മഹാജനസഭമാത്രം മതിയെന്നുള്ള അഭിപ്രായം പൊതുവെ സ്വീകൃതമായി. ഇതിന്റെ ഫലമായിട്ടാണു് 1930-ൽ കേരള കത്തോലിക്കാകോൺഗ്രസ്സ് ആ പേരിൽ രംഗപ്രവേശം ചെയ്തതു്. കോൺഗ്രസ്സ് പിള്ളാലത്തു് പ്രതാപത്തിൽനിന്നു് പ്രതാപത്തിലേയ്ക്കും വിജയത്തിൽനിന്നു വിജയത്തിലേയ്ക്കും ത്വരിതഗമനം ചെയ്തുവെന്നു് ഏതാനും വർഷങ്ങളിലെ നടപടികൾ നിസ്സംശ്ശയം പ്രഖ്യാപിച്ചു. വിദ്യാർത്ഥിവേതനങ്ങൾ നൽകി ധനശേഷിക്കുറഞ്ഞ വിദ്യാർത്ഥികളെ ഉപരിപഠനത്തിനു സഹായിക്കുക, സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുക മുതലായ കോൺഗ്രസ്സിന്റെ പദ്ധതികൾ സർവ്വത്രികമായ അഭിനന്ദനത്തിനു പാത്രീഭവിച്ചു. വിദ്യാഭ്യാസനിധിയിലേയ്ക്കു് ഉദാരമായ സംഭാവനകൾ ലഭിച്ചു. കോൺഗ്രസ്സിന്റെ നിർദ്ദേശാനുസാരം ലഘുനിക്ഷേപപദ്ധതികളും സാമൂഹ്യക്ഷേമപ്രസ്ഥാനങ്ങളും വായനശാലകളും കലാസമിതികളും ഇടവകശാഖകളുടെ ആഭിമുഖ്യത്തിൽ ചില സ്ഥലങ്ങളിൽ സ്ഥാപിതമായി. കോൺഗ്രസ്സിനു് ഒരു ശാശ്വതമൂലധനം ശേഖരിക്കുവാനുള്ള ശ്രമവും പ്രതീക്ഷയിൽകവിഞ്ഞു വിജയിച്ചു. സമുദായാഭിമാനികളായ ഏതാനും ഉദാരമതികൾ കോൺഗ്രസ്സ് കേന്ദ്രാലയത്തിനു സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കേണ്ടതിലേ

THE CATHOLIC SYRIAN BANK LTD.,

TRICHUR.

Estd: 1920 Regd. Office: Trichur.

A LEADING BANK IN KERALA

with

24 Branches in Kerala and Madras States.

	As on 28-12-62		
Paid up Capital & Reserves		Rs. 21,93,885	Deposits accepted at attractive rates of interest
Deposits		Rs. 3,17,50,523	Complete Banking Service Offered
Government & other Trustee securities		Rs. 86,15,212	For further details contact Head Office or any of our Branches

Board of Directors

Sri Chalissery Lonappan Joseph (Chairman)
„ Chakkola Lonappan Lona (Dy. Chairman)

Sri Kodenkadath Inasu Vavoo
Chev. Akkara Devassy Augustine, K.S.G.G.
Sri Akkarapatty Chakkunny Iyppunny
„ Chandy Thoma Palu
„ Kurian S. Manavalan, B.A.
Sri Alappat Thoppil John Joseph, B. A.
„ Chandy Chakku George, M.A., LL.B.
„ Pulikken Anthony Jose, M.A., LL.B.
„ Thoppil Antony Varkey, B.A.

VARGHESE KAVALAKAT
(General Manager)

ക്കു് കാര്യക്ഷമമായ ചില പരിപാടികൾ സ്വീകരിക്കുകയും ചെയ്തു.

വൈദികാദ്ധ്യക്ഷന്മാരുടെ അനുഗ്രഹാശിസ്സുകളും സഹായസഹകരണങ്ങളും സംഘടനയ്ക്കു് ധാരാവാഹിയായി ലഭിച്ചുകൊണ്ടിരുന്നു. പരിശുദ്ധ പിതാവിന്റെയും തിരുമനസ്സിലെ പ്രതിനിധികളുടെയും അത്യന്ത കർദ്ദിനാളന്മാരുടെയും ആശീർവ്വാദസന്ദേശങ്ങൾ കോൺഗ്രസ്സ് ഭാരവാഹികളെ പലപ്രാവശ്യം ധന്യരാക്കിയിട്ടുണ്ടു്. മുട്ടുചിറ നടന്ന കോൺഗ്രസ്സ് സമ്മേളനം ഇന്ത്യയിലെ ഏക കർദ്ദിനാൾ അത്യന്നത ശ്രേഷ്യസ് തിരുമേനി ഉൽഘാടനംചെയ്തതു് പ്രത്യേകം സ്മരണീയമാണു്. നമ്മുടെ മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും മഹനീയാദ്ധ്യക്ഷതയിൽ നടന്ന കോൺഗ്രസ്സ് വാഷ്കികാഘോഷങ്ങൾ ഒട്ടവളരെയുണ്ടു്. കോൺഗ്രസ്സിന്റെ അതതുകാലത്തെ പ്രസിഡണ്ടന്മാർ ആദ്ധ്യക്ഷംവഹിച്ച സമ്മേളനങ്ങൾസംബന്ധിച്ച പതാക ഉയർത്തുക, ഉൽഘാടനകർമ്മം നിർവ്വഹിക്കുക, മറ്റു പ്രധാനയോഗങ്ങളിൽ അദ്ധ്യക്ഷപദം അലങ്കരിക്കുക ഇത്യാദി പ്രവർത്തനങ്ങളാൽ കേരളത്തിലെ മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ തിരുമേനിമാരെല്ലാം കോൺഗ്രസ്സിന്റെപേരിലുള്ള അവരുടെ സൗമനസ്യവും കാരുണ്യവും നിരന്തരം പ്രസ്പഷ്ടമാക്കിയിട്ടുണ്ടു്. ദക്ഷിണേന്ത്യയിലെ ആദ്ധ്യാത്മികം, രാഷ്ട്രീയം, വിദ്യാഭ്യാസപരം, നൈയാമികം ആദിയായ വിവിധ മണ്ഡലങ്ങളിൽ ഉത്തുംഗനേതൃത്വം വഹിച്ചിട്ടുള്ള മോൺ. ആൻറണി പുതുശ്ശേരി, ദിവാൻ ബഹദൂർ ആരോഗ്യസ്വാമിമുതലിയാർ,ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, മോൺ. പാലോക്കാരൻ, ജസ്റ്റീസ് ജോസഫ് തളിയത്തു്, ജോൺ നിധീരി, സി. വി. അന്തോണി, കെ. സി. ചാണ്ടി മുതലായ യശശ്ശരീരരും, ആയുഷ്മാന്മാരായി ഇന്നും നമ്മെ നയിക്കുന്ന മെസ്സേഴ്സ് ഐ. സി.ചാക്കോ, റവ.ജെ. മാത്യു, എം. രത്നസ്വാമി, ജോസഫ് പെട്ട, പ.ി ജെ. തോമസ്, വി. ജെ. ജോസഫ് മുതലായവരും കോൺഗ്രസ്സ് അദ്ധ്യക്ഷസ്ഥാനം വഹിച്ചുകൊണ്ടു് സമുദായാംഗങ്ങളെ ഉൽബുദ്ധരാക്കിയിട്ടുണ്ടു്. പണ്ഡിതനും ജനസമ്മതനുമായ മോൺ. എൽ. ജെ. ചിറ്റൂർ അവർകളെ കോൺഗ്രസ്സിന്റെ ആദ്ധ്യാത്മികോപദേഷ്ടാവായി കേരള കത്തോലിക്ക ബിഷപ്പ്സ് കോൺഫറൻസ് കൃപാപുരസ്സരം കല്പിച്ചുതന്നിട്ടുണ്ടു്. മാത്രമല്ല ഏതാനും സംവത്സരങ്ങളിലെ ശ്രമഫലമായി രൂപം പ്രാപിച്ച കോൺഗ്രസ്സ് നിയമാവലിക്കു വൈദികാദ്ധ്യക്ഷാനുമതി സംസിദ്ധമായിട്ടുമുണ്ടു്. ഗവർമ്മെണ്ടുകളും രാഷ്ട്രീയപാർട്ടികളും കോൺഗ്രസ്സിന്റെ പ്രമേയങ്ങൾക്കും നിവേദനങ്ങൾക്കും അവ അർഹിക്കുന്നവിധത്തിലല്ലെങ്കിലും ചെവികൊടുക്കുന്നുണ്ടെന്നുള്ള സംഗതിയും പ്രസ്താവിക്കേണ്ടതുണ്ടു്. കേരളത്തിലെ ഐതിഹാസികമായ വിമോചനസമരത്തിലും കമ്യൂണിസ്റ്റു വിദ്യാഭ്യാസനയ ശിഥിലീകരണത്തിലും കത്തോലിക്കകോൺഗ്രസ്സ് വഹിച്ചിരുന്ന സുപ്രധാനഭാഗം എടുപ്പത്തിൽ വിസ്തരിക്കാവുന്നതല്ലെന്നതീർച്ച തന്നെ.

നമ്മുടെ ഭാവി

ഇങ്ങനെ അവശ്യാവശ്യമായ നമ്മുടെ സംഘടനയുടെ ഭാവി ശോഭനമാക്കുന്നതിലേക്കുവേണ്ട സജ്ജീകരണങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുകയാണു്. പാലാ, ആലുശ്ശേരി മുതലായ രൂപതകളിൽ കോൺഗ്രസ്സിന്റെ കീഴിൽ രൂപതാസംഘങ്ങൾ ആരംഭിച്ചിട്ടുണ്ടു്. എങ്കിലും കോൺഗ്രസ്സിന്റെ അംഗസംഖ്യ അഭിലഷണീയമാംവിധം വർദ്ധിച്ചിട്ടില്ല. കർമ്മധീരനും ഊർജ്ജസ്വലനുമായ ഇപ്പോഴത്തെ കോൺഗ്രസ്സ് പ്രസിഡണ്ടു് മി. പി. സി. അബ്രാഹം ബി. ഏ. ബി. എൽ അദ്ധ്യക്ഷപദം സ്വീകരിച്ചുകൊണ്ടു ചെയ്ത പ്രസ്താവനയിൽ "കേരള കത്തോലിക്ക കോൺഗ്രസ്സിനു അർഹിക്കുന്ന പ്രാതിനിദ്ധ്യം ഇനിയും ലഭിച്ചിട്ടില്ലായെന്നുള്ളതു് ഒരു പരമാർത്ഥമാണു്" എന്നു സമുദായാംഗങ്ങളേയും കോൺഗ്രസ്സിന്റെ ഗുണകാംക്ഷികളെയും അനുസ്മരിപ്പിച്ചിരുന്നു.രണ്ടുലക്ഷം അംഗങ്ങളെയെങ്കിലും സമ്പാദിക്കുന്നതിലേയ്ക്കു് ഒരു സുസ്ഥിര ശ്രമമാണല്ലൊ ഇപ്പോൾ നടക്കുന്നതു്. ഇതിന്റെ സമ്പൂർണ്ണവിജയത്തിനായി പ്രാർത്ഥിക്കേണ്ടതും പ്രയത്നിക്കേണ്ടതും കത്തോലിക്കാസമുദായത്തിലെ ഓരോ അംഗത്തിന്റെയും മറക്കുകൂടാത്ത കർത്തവ്യമാണു്. ഷെവലിയർ ജോസഫ് പെട്ട ഇരിങ്ങാലക്കുടസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിലെ ഒരു ഭാഗം ഈ അവസരത്തിൽ ഓർമ്മയിൽവരുന്നു. അതിപ്രകാരമായിരുന്നു— "ഒത്തൊരുമിച്ചു് സമുദായത്തിന്റെ പുരോഗതിക്കും രാജ്യത്തിന്റെ നന്മയ്ക്കും ലോകത്തിന്റെ സമാധാനൈശ്വര്യങ്ങൾക്കും വേണ്ടി നമുക്കു് പ്രയത്നിക്കാം, ... വരണം, എല്ലാവരും വരണം. കത്തോലിക്കസമുദായത്തിൽ പല അവാന്തരവിഭാഗങ്ങളുണ്ടു്. അവയ്ക്കെല്ലാം കത്തോലിക്കകോൺഗ്രസ്സിൽ സ്ഥാനമുണ്ടു്, അവകാശങ്ങളുണ്ടു്, അധികാരങ്ങളുണ്ടു്. ലത്തീനെന്നോ സുറിയാനിയെന്നോ, മലങ്കരയെന്നോ മലബാറെന്നോ ഉള്ള റീത്തുവ്യത്യാസമോ, തെക്കെന്നോ വടക്കെന്നോ മലനാടെന്നോ കടൽത്തീരമെന്നോ ഉള്ള പ്രാദേശിക പരിഗണനകളോ കൂടാതെ ഏവർക്കും ഒരേ കുടുംബത്തിലെ അംഗങ്ങളെന്നപോലെ കത്തോലിക്ക കോൺഗ്രസ്സിന്റെ പിന്നിൽ അണിനിരന്നു് അവകാശാവകാശങ്ങൾ സംരക്ഷിക്കാൻ സൌകര്യമുണ്ടു്." മറ്റുപലരും പല അവസരങ്ങളിൽ പ്രകാശിപ്പിച്ചിട്ടുള്ള ആശയങ്ങളാണിവ. എങ്കിലും അവയുടെ വില കുറയുന്നില്ല, കൂട്ടുന്നതേയുള്ളു. അതെ, നമുക്കു് സംഘടിച്ചു് പുരോഗമിക്കാം, വിജയിക്കാം.

കത്തോലിക്കാകോൺഗ്രസ്സിന്റെ

സംഘടനാപ്രവർത്തനം

(ദീപിക — 23-4-63)

യുദ്ധമുണ്ടാവാത്ത അവസരങ്ങളിൽ സൈന്യങ്ങൾക്കു യാതൊരു പ്രാധാന്യവും സാധാരണക്കാർ കാണുകയില്ല. വമ്പിച്ച ഒരു സൈന്യവും അതിന്റെ ചെലവുകളും അനാവശ്യമാണെന്നുപോലും ചിലർ വിചാരിച്ചെന്നുവരും. ഇതുപോലെയാണ് കത്തോലിക്കാകോൺഗ്രസ്സിന്റെ കാര്യവും. സമുദായം കണക്കിലേറെ ദ്രോഹിക്കപ്പെട്ടപ്പോൾ മാത്രമാണ് സാധാരണക്കാർ തങ്ങളുടെ സമുദായസംഘടനയെപ്പറ്റി ചിന്തിക്കുന്നതു്. കഴിഞ്ഞകാലത്തെ ദുരനുഭവങ്ങളുടെ ഫലമായിട്ട് കത്തോലിക്കാകോൺഗ്രസ്സിനെ ശക്തിപ്പെടുത്തണമെന്ന് ഒരഭിപ്രായം സമുദായത്തിൽ ഇന്നുണ്ടായിട്ടുണ്ട് ഇതേപ്പറ്റി അഭിപ്രായപ്രകടനം വളരെയുണ്ടായെങ്കിലും സൃഷ്ടിപരമായി ആരും ഒന്നും ചെയ്യുകണ്ടില്ല. അങ്ങനെയിരിക്കെയാണ് കേരളത്തെ വിവിധ മേഖലകളായി തിരിച്ചുകൊണ്ട് ഓരോ മേഖലയ്ക്കും ഓർഗനൈസർമാരെ നിയമിക്കാൻ കത്തോലിക്കാകോൺഗ്രസ്സ് തീരുമാനിച്ചിരിക്കുന്നതു്. ബാങ്കുകളുടെ തകർച്ചമൂലം സാമ്പത്തികമായി ശോഷിച്ചുപോയ കത്തോലിക്കാ കോൺഗ്രസ്സിനു് ഇത്രയുമെങ്കിലും ചെയ്യാൻ കഴിഞ്ഞതു് പ്രസിഡണ്ടു് ശ്രീ പി. സി. അബ്രാഹത്തിന്റെ ഔദാര്യംകൊണ്ടാണെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. സാമ്പത്തികശേഷിയുള്ള ഇതര സമുദായസ്നേഹികളും അദ്ദേഹത്തോടു സഹകരിച്ചു പ്രവർത്തിച്ചാൽ ബലിഷ്ഠമായ ഒരു സമുദായസംഘടനയുടെ അടിത്തറ ഉറപ്പിക്കാനെങ്കിലും ഈ അവസരം പ്രയോജനപ്പെടാതിരിക്കുകയില്ല.

സമുദായം ഉണരണം

ഓർഗനൈസർമാരുടെ നിയമനം സംഘടനാപ്രവർത്തനത്തിനു സഹായകമാകുമെന്നിരുന്നാലും യഥാർത്ഥപ്രവർത്തനം സമുദായാഭിമാനികളായ മഹാജനങ്ങളിൽത്തന്നെയാണു സ്ഥിതിചെയ്യുന്നതു്. ഓർഗനൈസർമാക്കുവേണ്ട എല്ലാ ഒത്താശകളും ആനുകൂല്യങ്ങളും ചെയ്തുകൊടുക്കാൻ ഓരോ പ്രദേശത്തുമുള്ള കത്തോലിക്കർ മുന്നോട്ടു വരണം. സമുദായകാര്യങ്ങൾ സൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഏതൊരാൾക്കും സമുദായസംഘടനയെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഇതിനോടകം ബോദ്ധ്യപ്പെട്ടിട്ടുണ്ടാവും. സ്വന്തം പഠനവും നിരീക്ഷണവും സമുദായസ്നേഹവും ഇങ്ങനെയൊരു ബോദ്ധ്യം ആരിലെങ്കിലും ഉളവാക്കിയിട്ടില്ലെങ്കിൽ അതുണ്ടാക്കാൻ ഈ ഓർഗനൈസർമാക്കു സാദ്ധ്യമല്ല. സംഘടനാപ്രവർത്തനത്തിനു് അവസരവും സൗകര്യവും പാത്തിരിക്കുന്നവർക്കു അതിനു തരപ്പെട്ടുകിട്ടുകമാത്രമേ ഇവർക്കു സാദ്ധ്യമാകൂ:

രാഷ്ട്രീയപാർട്ടികളിൽചേർന്നു പ്രവർത്തിക്കുന്നവരേപ്പോലെ സ്വന്തമായി എന്തെങ്കിലും നേട്ടമുണ്ടാക്കാൻ കത്തോലിക്കാകോൺഗ്രസ്സിന്റെ പ്രവർത്തകർക്കു സാദ്ധ്യമല്ല. കാരണം, അധികാരം പിടിച്ചെടുക്കാനോ എന്തെങ്കിലും ഭരണകക്ഷിയാവാനോ ഉള്ള യാതൊരു പരിപാടിയും അതിനില്ല. ഉണ്ടാവുകയും അരുതു്. കത്തോലിക്കാ കോൺഗ്രസ്സിന്റെ പ്രവർത്തനം പ്രായേണ പ്രതിരോധപരമാണു്. വിവിധ സമുദായങ്ങളും അവയ്ക്കെല്ലാം സമുദായസംഘടനകളും നിലവിലിരിക്കുന്ന ഈ രാജ്യത്തു് കത്തോലിക്കരെന്നനിലയിൽ അവഗണിക്കപ്പെടാതിരിക്കുന്നതിനു നാം ശ്രദ്ധിച്ചേ തീരൂ. അതോടൊപ്പം സർക്കാർ നടപടികൾകൊണ്ടോ രാഷ്ട്രീയപാർട്ടികളുടെ നിലപാടുകൾകൊണ്ടോ കത്തോലിക്കർക്കു കത്തോലിക്കരായി കഴിയാനുള്ള സാഹചര്യങ്ങൾ നഷ്ടപ്പെടാതിരിക്കാനും നമുക്കു കരുതൽ വേണം. ഇതുരണ്ടിനും ഒറ്റപ്പെട്ട സമുദായസ്നേഹികളുടെയോ അധികാരികളുടെയോ പ്രവർത്തനം മതിയാവാത്ത സാഹചര്യങ്ങളാണു് ഇന്നു നിലവിലിരിക്കുന്നതു്. കത്തോലിക്കർ ഒരു ന്യൂനപക്ഷമായിരിക്കുന്ന കാലത്തോളം അവരുടെ സംഘടിതമായ പ്രവർത്തനത്തിനു മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും നേടാൻ കഴിയൂ. എൻ, എസ്സ്, എസിനേയോ എസ്സ്, എൻ. ഡി. പി. യേയോ പോലെ വിദ്യാലയങ്ങളും മറ്റും നടത്തിയുംകൊണ്ടും മുസ്ലീംലീഗിനെപ്പോലെ രാഷ്ട്രീയം കൈകാര്യം ചെയ്യാത്തതുകൊണ്ടും കത്തോലിക്കാ കോൺഗ്രസ്സ് ഒന്നും ചെയ്യുന്നില്ലെന്നോ പ്രയോജനരഹിതമാണെന്നോ ഒരു ധാരണ ചിലർക്കെങ്കിലും ഉണ്ടായിട്ടുണ്ടു്. കത്തോലിക്കാസമുദായത്തിന്റെ പ്രത്യേക കെട്ടുപാടുകളിൽ ഇതരസമുദായ സംഘടനകളുടെ പല പ്രവർത്തനങ്ങളും കത്തോലിക്കാ കോൺഗ്രസ്സിനു സാദ്ധ്യമല്ല. എന്നാൽ സമുദായത്തിന്റെ നേരെ ഏതു രംഗത്തുനിന്നായാലും കൈയ്യേറ്റങ്ങൾ ഉണ്ടാകുമ്പോൾ ചെറുത്തുനിൽക്കാനും, സമുദായത്തിന്റെ ഉൽക്കർഷത്തെ ലക്ഷ്യമാക്കി അതിനു നേതൃത്വംകൊടുക്കാനും, സമുദായത്തെ പ്രതിനിധീകരിച്ചു സംസാരിക്കാനും സമ്മർദ്ദം ചെലുത്താനും നിവേദനം നടത്താനും, ഇങ്ങനെയൊരുകൂട്ടം കാര്യങ്ങൾക്കു് ഒരു സമുദായ സംഘടന കൂടിയേതീരൂ. ഇവയിലൊക്കെ ഇടപെട്ട വേണ്ടതുപ്രർത്തിക്കാൻ വൈദികനേതൃത്വത്തിനുള്ള പരിമിതികൾ കൂടി പരിഗണിക്കുമ്പോൾ കത്തോലിക്കാകോൺഗ്രസ്സിന്റെ ആവശ്യകത ആക്കം ബോദ്ധ്യമാകുന്നതാണു്.

നാം ഒരു ന്യൂനപക്ഷം

ഇൻഡ്യയിലായാലും കേരളത്തിലാണെങ്കിലും കത്തോലിക്കാസഭയിൽ വിശ്വസിക്കുന്നവർ ഒരു ന്യൂന

കുടുംബങ്ങൾക്ക്

ആദ്ധ്യാത്മികവെളിച്ചം പകരുന്ന

ഒരുത്തമ

സാമൂഹ്യമാസിക

'കുടുംബദീപം'

മുപ്പത്തിനാലാം

പ്രവർത്തനവത്സരത്തിൽ

വാർഷിക വരിസംഖ്യ രൂ. 2 മാത്രം

ഒറ്റപ്രതി 20 ന. പ.

ഏജൻറന്മാർക്ക് 25 % കമ്മീഷൻ

പരസ്യനിരക്കുകൾക്ക് നേരിട്ടെഴുതുക

MANAGER

L. F. I. PRESS

THEVARA, ERNAKULAM-3

KERALA.

പക്ഷമാണെന്നുള്ള കാര്യം നാം ഒരിക്കലും വിസ്മരിക്കരുതു്. പല കാര്യങ്ങളിലും നമുക്കു മറ്റുള്ളവരോടു് ഒത്തുപോകാൻ കഴിയും. പക്ഷേ അവർ വിശ്വസിക്കുന്നതെന്തും വിശ്വസിക്കാനും പരിഷ്കാരമായികരുതുന്നതെന്തും ചെയ്യാനും വേണ്ടിയല്ല നാം കത്തോലിക്കരായിരിക്കുന്നതു്. മറ്റുള്ളവരുടേതിൽനിന്നും വ്യത്യസ്തമായ ഒരു നിലപാടു്, ഊററമായ പ്രതികൂല്യങ്ങളെ നേരിട്ടുകൊണ്ടുപോലും, അവലംബിക്കാൻ നാം ചിലപ്പോൾ നിർബന്ധിതരായിത്തീരും. സമ്മർദ്ദരാഷ്ട്രീയത്തിൻെറ വേലിയേററത്തിലൂടെയാണു് നമ്മുടെ ജനാധിപത്യം മുന്നോട്ടു പോകുന്നതു്. ഇതിനിടയിൽ അസംഘടിതരായി കൂട്ടംപിരിഞ്ഞു കഴിയുന്നപക്ഷം കാലക്രമത്തിൽ കത്തോലിക്കർക്കു കത്തോലിക്കരായി ജീവിക്കുന്നതിനുവേണ്ട സാഹചര്യങ്ങളിൽ പലതും നഷ്ടപ്പെട്ടെന്നേ വരൂ.

കോൺഗ്രസ് എന്തു ചെയ്തു

ഈവക കാര്യങ്ങളിൽ കത്തോലിക്കാ കോൺഗ്രസ്സ് ചെയ്യേണ്ടതെല്ലാം യഥാവസരം ചെയ്തിട്ടുണ്ടെന്നു ആരും അവകാശപ്പെടുന്നില്ല. എന്നിരുന്നാലും സമുദായത്തിൻെറ അക്ഷന്തവ്യവും അവിവേകപൂർണ്ണവുമായ അവഗണനകൊണ്ടു് ദുർബലമായ ആ സംഘടന സമുദായത്തെ പ്രതികൂലമായി ബാധിക്കുന്ന ഏതു സർക്കാർനടപടിക്കും രാഷ്ട്രീയനീക്കങ്ങൾക്കുമെതിരായി സമരമുയർത്തുകയും നിവേദനങ്ങൾ നടത്തുകയും സമുദായത്തിനു നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ. ഇന്നുവരെ ചെയ്തിട്ടുള്ളതിൽക്കവിഞ്ഞു് ഒന്നും ചെയ്യാൻ അതിനു കഴിഞ്ഞിട്ടില്ലെങ്കിൽ അതിൻെറ കാരണം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാമെന്നു വിചാരിക്കുന്നവർ ആ സംഘടനയുടെ അണികളിലേയ്ക്കു വന്നു് ആളുകൊണ്ടും അർത്ഥംകൊണ്ടും ബുദ്ധികൊണ്ടും സ്വാധീനംകൊണ്ടും അതിനെ കൂടുതൽ ശക്തമാക്കാത്തതാണു്. കത്തോലിക്കകോൺഗ്രസ്സിൻെറ നേതൃത്വം കയ്യടക്കിവയ്ക്കുന്നതിൽ ആർക്കെങ്കിലും നിക്ഷിപ്ത താല്പര്യമുള്ളതായി ഞങ്ങൾക്കറിവില്ല. ഭരണഘടനപ്രകാരം അതു സാദ്ധ്യവുമല്ല. പ്രായപൂർത്തിവന്ന ഏതൊരു കത്തോലിക്കനും കത്തോലിക്കകോൺഗ്രസ്സിൽ അംഗമായി ചേരാം. അങ്ങനെ ചേരുന്നവർക്കു് തനി ജനാധിപത്യപരമായ രീതിയിൽ അതിൻെറ നേതൃത്വത്തെ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യാം. അതുകൊണ്ടു് നേതൃത്വത്തെ കുറ്റംപറഞ്ഞു് കാലം കളയുന്നവർ അതിൻെറ പ്രവർത്തനത്തെപ്പറ്റി ഒന്നുംതന്നെ അറിയാത്തവരാണു്. രാഷ്ട്രീയത്തിലേപ്പോലെ മുതലെടുപ്പിനു യാതൊരു പഴുതും ഇല്ലാതിരുന്നിട്ടും സമുദായസ്നേഹംകൊണ്ടുമാത്രം കുറേപേർ ഈ സംഘടനയെ അകാലമൃത്യുവിൽനിന്നു രക്ഷിച്ചുപോന്നതിനു് സമുദായം അവരോടു കടപ്പെട്ടിരിക്കുകയാണു്. ഇന്നുവരെയുള്ള നേതൃത്വമോ പ്രവർത്തനമോ മതിയാവാത്തതാണെങ്കിൽ രണ്ടിനേയും മാറുവാനുള്ള സ്വാതന്ത്ര്യം സമുദായത്തിനുണ്ടു്. വ്യാപകമായ തോതിൽ സംഘടനാപ്രവർത്തനം നടത്തി എല്ലാ കത്തോലിക്കരേയും ഈ സംഘടനയിലേയ്ക്കു കൊണ്ടുവരുവാൻ വേണ്ട നടപടികൾ ഇന്നത്തെ നേതൃത്വം അവ

.....in the service of agriculture

FACTAMFOS

(Ammonium Phosphate 16:20)

AMMONIUM SULPHATE ★ SUPERPHOSPHATE

NPK Fertiliser Mixtures

....in the service of industry

ANHYDROUS AMMONIA ★ SULPHURIC ACID

SULPHUR DIOXIDE ★ AMMONIUM CHLORIDE

In 1960, the company completed the first stage of its expansion programme involving a capital outlay of Rs. 3 crores. And quickly, in its wake, followed the Rs. 2 crore - second stage which has, also been completed - the highlight of which is the installation of a 'Texaco' oil gasification plant using naphtha as feedstock. Now the much more ambitious third stage involving an outlay of Rs. 11 crores is on.

THE FERTILISERS AND CHEMICALS,

TRAVANCORE LIMITED

Regd. Office: Eloor, Udyogamandal P. O.,

Kerala State.

ലംബിച്ചിരിക്കുന്നതിൽനിന്നതന്നെ അവരുടെ നിസ്സഹായത്വം വ്യക്തമാകുന്നതാണ്.

പുതിയ ഭരണഘടന

പുതിയ ഭരണഘടനയനുസരിച്ച് ഇടവകകൾക്കും ശുപതകൾക്കും പ്രത്യേകം സംഘടനാ വിഭാഗങ്ങളും കേന്ദ്രത്തിൽ ഒരു ഫെഡറൽ ഘടകവും ഉണ്ടായിരിക്കുന്നതാണ്. പഴയ ഭരണഘടനയുടെ പ്രവർത്തനത്തിൽ കണ്ട പോരായ്മകൾകണക്കിലെടുത്തുകൊണ്ടാണ് ഈ പുതിയ ഭരണഘടന ഉണ്ടാക്കിയിട്ടുള്ളത്. പക്ഷെ അതുകൊണ്ടുള്ള പ്രയോജനം പൂർണ്ണമായി സമുദായത്തിനു ലഭ്യമാകണമെങ്കിൽ എല്ലാ ഇടവകകളിലും ശുപതകളിലും കോൺഗ്രസ് ശാഖകൾ എത്രയും വേഗം ശുപീകരിക്കണം. അതിനുള്ള അവസരമാണ് ഓർഗനൈസർമാരുടെ നിയമനം പ്രദാനം ചെയ്യുന്നത്.

പ്രവർത്തനം വിജയിപ്പിക്കണം

ഓർഗനൈസർമാരുടെ സാമർത്ഥ്യം കൊണ്ടു മാത്രം എങ്ങും സംഘടനാ പ്രവർത്തനം നടക്കാൻ പോകുന്നില്ല. ചില ഓർഗനൈസർമാരുടെ മേഖലയിൽ നൂറിലധികം പള്ളികളാണുള്ളത്. അവിടെയൊക്കെഎത്തുപെടുന്നതിനുപോലും ഓർഗനൈസർക്ക് വളരെക്കാലംവേണ്ടിവരും. അതുകൊണ്ട്ഇവരുടെസേവനത്തെ എങ്ങനെ പ്രയോജനപ്പെടുത്തുകയും സഹായിക്കുകയും ചെയ്യാമെന്ന് ഓരോ പ്രദേശത്തുമുള്ള സമുദായാഭിമാനികൾ കണ്ടുപിടിക്കണം. നമ്മുടെ യുവജനങ്ങളും വൈദികരും ഒന്നുചേർന്നു പ്രവർത്തിച്ചാൽ സംഘടനാ പ്രവർത്തനത്തിൽ നമുക്ക് അസാദ്ധ്യമായി ഒന്നും തന്നെയില്ലെന്നാണ് വിമോചനസമരത്തിലേയും കഷ്കപ്രക്ഷോഭണത്തിലേയും അനുഭവങ്ങൾ തെളിയിച്ചിട്ടുള്ളത്. സമുദായത്തെ അഭിമുഖീകരിക്കുന്ന ഓരോ വിപത്തിനേയും താല്ക്കാലിക പ്രസ്ഥാനങ്ങൾവഴി നേരിടുന്നതിനു പകരം സ്ഥായിയായ ഒരു സമുദായസംഘടന കെട്ടിപ്പെടുക്കുന്നതു് എത്രയോ പ്രയോജനകരമാണ്. വിമോചനസമരത്തിലും കാർഷിക പ്രക്ഷോഭണത്തിലും വൈദികരും അൽമേനികളും പ്രകടിപ്പിച്ച ത്യാഗസന്നദ്ധതയുടെ ഒരു എളിയ അംശമെങ്കിലും ഇക്കാര്യത്തിൽ പ്രകടിപ്പിച്ചാൽ ശുപതകളിലും ഇടവകകളിലും ശാഖോപശാഖകളോടുകൂടി ബ്രഹ്മാണ്ഡമായ ഒരു സമുദായസംഘടന നമുക്ക് എത്രയും വേഗം ഉണ്ടായിത്തീരും. അതുകൊണ്ട് കാരോ മേഖലയിലേയ്ക്കും നിയോഗിച്ചിട്ടുള്ള ഓർഗനൈസർമാരെ ആളുകൊണ്ടും അർത്ഥംകൊണ്ടും അദ്ധ്വാനംകൊണ്ടും നിർദ്ദേശങ്ങൾകൊണ്ടും സഹായിച്ച് സംഘടനാപ്രവർത്തനം വിജയിപ്പിക്കണമെന്ന് എല്ലാ സമുദായസ്നേഹികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഗവ: ഗ്രാന്റ് ഇൻ എയ്ഡ് ഡി.എസ്സ്.ആയുർവേദ ആശുപത്രി

വെള്ളിയേപ്പള്ളി, പാലാ.

ശാസ്ത്രീയമായി തയാറാക്കിയ എല്ലാവിധ ആയുർവേദ ഔഷധങ്ങൾക്കും
ഞങ്ങളെ സമീപിക്കുക.

ദൂരസ്ഥരായ രോഗികൾക്ക് ചികിത്സ നിശ്ചയിച്ച് മരുന്നുകൾ വി. പി. ആയി അയയ്ക്കുന്നതാണ്.

ഭ്രാന്ത്, അപസ്മാരം മുതലായ മാനസികരോഗങ്ങൾക്കും വാതം, വാതരക്തം ക്ഷയം, വന്ധ്യത്വം മുതലായ രോഗങ്ങൾക്കും പ്രത്യേക ചികിത്സ.


പരിശീലനം സിദ്ധിച്ച നേഴ്സിങ്ങ് സിസ്റ്റേഴ്സിന്റെ പരിചരണത്തോടുകൂടിയ ആറു വാർഡുകൾ താമസസൗകര്യത്തിന് സജ്ജീകൃതമാക്കിയിട്ടുണ്ട്.

ചീഫ് വൈദ്യൻ,

കെ. എം. മാത്യു, കല്ലുകുന്നേൽ.

സമുദായസമക്ഷം

(കെ. എം. ജോസഫ് കുറുപ്പുമഠം–എ.കെ.സി.സി. ജനറൽ സെക്രട്ടറി)



അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് സുശക്തവും ബൃഹത്തുമായ ഒരു സംഘടനയായി കേരളത്തിന്റെ എല്ലാ ഇടവകകളിലും രൂപംകൊള്ളണമെന്നാഗ്രഹിക്കുന്ന നിരവധി സമുദായസ്നേഹികളുടെ അഭിലാഷം ആദരിച്ച് കത്തോലിക്കാ കോൺഗ്രസ്സ് വക്കിംഗ് കമ്മിറ്റി ഏതാനും മാസങ്ങളായി പ്രസ്തുത വിഷയത്തെ സംബന്ധിച്ച് അവഗാഢം ചിന്തിക്കുകയും ചില പരിപാടികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സംഘടനാപരമായി ശക്തിയാർജ്ജിക്കാത്ത ഒരു സമുദായത്തിനു് അതിന്റേതായ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനു് സാധിക്കുകയില്ലായെന്നു് സംഘടനകളുടേതായ ഈ യുഗത്തിൽ ആരെയും ഓർമ്മപ്പെടുത്തേണ്ടതില്ല. പക്ഷേ സംഘടനയ്ക്കു് പ്രാബല്യവും വ്യാപകമായ പ്രതിനിധ്യസ്വഭാവവും സംസിദ്ധമാകണമെങ്കിൽ എല്ലാ തുറകളിലും വിഭാഗത്തിലുംപെട്ട സമുദായാംഗങ്ങൾ ഉത്സാഹത്തോടും ബോധപൂർവ്വവും പ്രവർത്തിക്കേണ്ടതായുണ്ട്. കേരളകത്തോലിക്കാ ഹയരാക്കി എല്ലാക്കാലവും കോൺഗ്രസ്സിനുവേണ്ട സഹായവും സഹകരണങ്ങളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇതുവരെയുള്ള കത്തോലിക്കാകോൺഗ്രസ്സിന്റെ പ്രവർത്തനം മന്ദഗതിയിലായിരുന്നു എന്നു് വിചാരിക്കുന്ന സമുദായാംഗങ്ങളുടെ ആ മനോഭാവത്തിനു് വ്യതിയാനം വരത്തക്കവണ്ണം ഇടവകകളിലും കുരിശുപള്ളികളിലും കത്തോലിക്കാ കോൺഗ്രസ്സ് ഒരു സാമൂഹ്യ സാമുദായികക്ഷേമകേന്ദ്രംപോലെ പ്രവർത്തിക്കുന്നതിനു വേണ്ട പ്രായോഗികപരിപാടികൾ കോൺഗ്രസ്സ് വക്കിംഗ് കമ്മിറ്റി ആസൂത്രണംചെയ്തുകഴിഞ്ഞു ഈ ഉദ്ദേശം സഫലമാകണമെങ്കിൽ സമുദായാംഗങ്ങളുടെ, വിശിഷ്യ യുവജനങ്ങളുടെ, അകമഴിഞ്ഞ സഹകരണം ആവശ്യമാണു്. അടുത്തുവരുന്ന 3 മാസങ്ങൾക്കുള്ളിൽ 2ലക്ഷം അംഗങ്ങളെ കൂട്ടതലായി കോൺഗ്രസ്സ് അണികളിൽ കൊണ്ടുവന്ന കേരളത്തിന്റെ എല്ലാ മുക്കിലും മൂലയിലും ശാഖകൾ സ്ഥാപിച്ച് രൂപതാസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യണമെന്നാണു് വക്കിംഗ് കമ്മിറ്റിയുടെ ആഗ്രഹം. കേരളകത്തോലിക്കാ ഹയരാക്കിയുടെ അംഗീകാരം സിദ്ധിച്ച പുതിയ ഭരണഘടനപ്രകാരം ഫെഡറൽ രീതിയിലുള്ള ഒന്നാണു്. 10ശാഖകൾ സജീവമായി പ്രവർത്തിക്കുന്ന ഓരോ രൂപതയ്ക്കും രൂപതാസംഘം രൂപീകരിക്കാവുന്നതും, ഓരോ വക്കിംഗ് കമ്മിറ്റി അംഗത്തെ തെരഞ്ഞെടുക്കാവുന്നതുമാണു്.

കോൺഗ്രസ്സിന്റെ സംഘടനാപരമായ പ്രവർത്തനസൗകര്യത്തെ ഉദ്ദേശിച്ചു് കേരളത്തെ പല മേഖലകളായി തിരിച്ചു് ഓർഗനൈസ്സർമാരെ ഇതിനകം നിയമിച്ചുകഴിഞ്ഞിട്ടുണ്ടു്. മേഖലാവിഭജനം രൂപതാടിസ്ഥാനത്തിലോ മറേറതെങ്കിലും വിഭാഗീയമായ അടിസ്ഥാനത്തിലോ അല്ല ചെയ്തിട്ടുള്ളതു്. കേരളത്തിലെ കത്തോലിക്കരെല്ലാം ഒരേ മാതാവിന്റെ സന്താനങ്ങളായി പൂർവ്വാധികം വൈകാരികവും ആശയപരവുമായ ഐക്യം പുലർത്തിക്കൊണ്ടു് ഒരു സംഘടനയുടെ കീഴിൽ വരണമെന്നുള്ള ആഗ്രഹം മുൻനിറുത്തിയാണു് മേഖലാടിസ്ഥാനത്തിൽ ഓർഗനൈസ്സർമാരെ നിയമിച്ചിട്ടുള്ളതു്. ഇവരുടെ പ്രവർത്തനം ഫലപ്രദമാകണമെങ്കിൽ ബഹു. വികാരിയച്ചന്മാരും ഓരോ ഇടവകകളിലെ അംഗങ്ങളും മുന്നോട്ടുവന്നു് സംഘാടകർക്കു വേണ്ടത്ര പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകണമെന്നഭ്യർത്ഥിക്കുവാനും ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. മദ്ധ്യവേനലവധിക്കാലമായതുകൊണ്ടു് ചുറുചുറുപ്പും ആത്മാർത്ഥതയുമുള്ള യുവജനങ്ങൾക്കു് ഈ ഓർഗനൈസ്സറന്മാരെ പലവിധത്തിലും സഹായിക്കുവാൻ സാധിക്കും. അതുപോലെതന്നെ ഓരോ വീട്ടുകാരും ഇവർക്കു വേണ്ടത്ര പ്രോത്സാഹനവും സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്നു് ഇത്തരുണത്തിൽ സമുദായത്തോടു് വിനീതമായി അപേക്ഷിക്കുകയാണു്.

മേഖലാവിഭജനം താഴെച്ചേർക്കുന്നവിധത്തിലാണു്:—

1 തലശ്ശേരി– (കാസ്സർകോട്ടു്, ഹോസ്ദുർഗ്ഗു്, തളിപ്പറമ്പു്, വയനാടുവടക്കു്, കണ്ണൂർ, തലശ്ശേരി എന്നീ താലൂക്കുകൾ)– സംഘാടകൻ: കെ. കെ. മാത്യു.

2 കോഴിക്കോട്ടു്– (വടകര, കൊയിലാണ്ടി, കോഴിക്കോട്ടു്, വയനാടുതെക്കു്)— കെ. കെ. വക്കി

3 പാലക്കാട്ടു്– (ചിറ്റൂർ, പാലക്കാട്ടു്, ആലത്തൂർ, ഒറ്റപ്പാലം)— വി. ജെ. ജോർജ്ജു്

4 വേലൂർ— (പൊന്നാനി, തലപ്പിള്ളി)— എം. എൻ. കുര്യൻ

5 തൃശ്ശൂർ– (ചാവക്കാട്ടു്, തൃശ്ശൂർ) കുര്യപ്പൻ പാവു

6 ഇരിങ്ങാലക്കുട- (കൊടുങ്ങല്ലൂർ, മുകുന്ദപുരം)- ലോനപ്പൻ നമ്പാടൻ

7 പറവൂർ- (പറവൂർ, ആലുവാ, കുന്നത്തുനാടു്)— ഇട്ടിര മഞ്ഞളി

8 കൊച്ചു്- (കൊച്ചി, കണയന്നൂർ)- വി. ഒ. വക്കി

9 വാഴക്കുളം– (മൂവാറ്റുപുഴ, തൊടുപുഴ)- കെ. ജെ. യോഹന്നാൻ

10 അഴുത– (പീരുമേട്ട്, ഉടുമ്പുഞ്ചോല)- വി. റവ. ജോസഫ്

11 ആലപ്പുഴ I-(ആലപ്പുഴ മുൻസിപ്പൽ ടൗൺ)- ളയീസ് ചെറിയാൻകുഞ്ഞ്

12 ആലപ്പുഴ II- (മുൻസിപ്പൽ ടൗൺ ഒഴിച്ചുള്ള അമ്പലപ്പുഴ താലൂക്കും, ചേർത്തലയും) ജോർജ്ജ് കൊടവേലിൽ

13 പാലാ I- (മീനച്ചിൽ)- പി. വി, ചെറിയാൻ

14 പാലാ II- (വൈക്കം)– സേവ്യർ തലയോലപ്പറമ്പ്

15 കോട്ടയം I- (കോട്ടയം, കുട്ടനാട്)- കെ. എം. ജോർജ്ജ്

16 കോട്ടയം II– (ചങ്ങനാശേരി)- ജോൺ ചമ്പക്കര

17 കാഞ്ഞിരപ്പള്ളി– (കാഞ്ഞിരപ്പള്ളി) പി. സി. ചാക്കോ

18 മാവേലിക്കര- (കാർത്തികപ്പള്ളി, ചെങ്ങന്നൂർ, മാവേലിക്കര)- കെ. എബ്രഹാം

19· പുനലൂർ— (തിരുവല്ല, പത്തനംതിട്ട, പത്തനാപുരം)—സി. പി· ജോജ്ജ്.

20– തിരുവനന്തപുരം I- (തിരുവനന്തപുരം. ചിറയിൻകീഴ്-) അലക്സ് ലിയോൺ.

21. തിരുവനന്തപുരം II– (നെടുമങ്ങാട്, നെയ്യാറ്റിങ്കര) പി. കെ. മാത്യു.

22. മൈസൂർ. (സൗത്ത് കാനറാ)- യോഹന്നാൻ എമ്പ്രാണ്ടി വയലിൽ.

വിദ്യാർത്ഥി ഓർഗനൈസ്സർമാരായി പ്രത്യേകിച്ച് മെ. വി. സി. ചാക്കോ വലിയപറമ്പിൽ, രാജൻ മാരേട്ട്, കെ ജെ. ജോസഫ് എന്നിവരെ കോട്ടയം, പുനലൂർ, തിരുവനന്തപുരം എന്നീമേഖലകളിൽ അതാതു മേഖലാഓർഗനൈസ്സർമാർക്കു വിധേയമായി സംഘടനാപ്രവർത്തനം നടത്തുന്നതിനും മുമതലപ്പെടുത്തിയിട്ടുണ്ട്.

മേഖലാടിസ്ഥാനത്തിൽ കോൺഗ്രസ് സാമാജികന്മാരായി 250-ൽ കുറയാതെ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന കോളേജു വിദ്യാർത്ഥിക്ക് പാരിതോഷികമായി ഒരദ്ധ്യയനവർഷത്തെ കോളേജു ട്യൂഷൻഫീസ് സ്കോളർഷിപ്പായി നൽകുന്നതാണ്. ഏതൊരു വിദ്യാർത്ഥിക്കും അംഗങ്ങളെ ചേർക്കുന്നതിനാവശ്യമായ ഫാറങ്ങളും മറ്റും അയച്ചുകൊടുക്കുന്നതാണ്.

സംഘടനാപരമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു് അനുയോജ്യമായ നിർദ്ദേശങ്ങൾ സമുദായാഭിമാനികൾ നൽകുന്നതാദരിച്ചു് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. സംഘടനാപ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങൾ അതതവസരങ്ങളിൽ കത്തോലിക്കാ കോൺഗ്രസിന്റെ ഔദ്യോഗിക നാവായ കോൺഗ്രസ് ബുള്ളറ്റിനിലും മറ്റു ദിനപ്പത്രങ്ങളിൽ കൂടിയും സമുദായസമക്ഷം സമർപ്പിക്കുന്നതാണ്. പ്രസ്തുത ബുള്ളറ്റിൻ കൂടുതൽ കോപ്പികൾ അച്ചടിച്ചു് വിതരണം ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞ വസ്തുതയും ഈ അവസരത്തിൽ അനുസ്മരിപ്പിക്കുവാൻ സന്തോഷമുണ്ട്.

The Lourdes Church Kuri Office

Trichur.

The Leading Kuri Institution of Trichur with A Standing of More Than Half a Century.

VICAR: VERY REV. FR. ABRAHAM KIZHAKKUDEN

TRUSTEES

1 Sri Kattookaran Jose Joseph Avl
2 ,, Chalissery Lonappan Joseph ,,
3 ,, Manavalan Sebastian Kurian ,,
4 ,, Chirakkekkaran Ouseph Chakkappan ,,
5 Sri Kodenkandath Inasu Vavu Avl
6 ,, Chandy Thoma Palu ,,
7 ,, Pulikken Ouseph Anthony ,,
8 ,, Chettupuzhakkaran Devassy Francis ,,

45-ാമതു് വാർഷികറിപ്പോർട്ടു്

അഖിലകേരള കത്തോലിക്ക കോൺഗ്രസിന്റെ 45-ാ മതു (1962) വാഷ്കികറിപ്പോർട്ടു് കോൺഗ്രസിന്റെ പരമാധികാരസഭയിലെ അംഗങ്ങളായ നിങ്ങളുടെ അംഗീകരണത്തിനായി സമർപ്പിക്കുകയാണു്. കഴിഞ്ഞ ഒരു കൊല്ലം കത്തോലിക്ക കോൺഗ്രസു് എന്തു ചെയ്യുവെന്നു് സംക്ഷിപ്തമായി പ്രസ്താവിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

അനുസ്മരണ

കേരള കത്തോലിക്കസമുദായത്തിന്റെ അഭിമാനഭാജനവും പ്രസ്തുവകാലഘട്ടത്തിൽ കോൺഗ്രസിന്റെ പ്രസിഡൻറുമായിരുന്ന ശ്രീമാൻ കെ. സി. ചാണ്ടിയുടെ നിര്യാണം അപാരമായ ഖേദത്തോടുകൂടിയല്ലാതെ ഇന്നും അനുസ്മരിക്കുവാൻ സാദ്ധ്യമല്ല. ഈ കോൺഗ്രസിന്റെ ഒരു സജീവ പ്രവർത്തകനും സമുദായം നേരിടേണ്ടതായിവന്ന എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും സമുദായത്തിനു് സുധീരമായ നേതൃത്വം നൽകിയിട്ടുള്ള ദേഹവുമായ ശ്രീ ചാണ്ടി 1961 ആഗസ്റ്റു് 28-ാം തീയതി കോൺഗ്രസിന്റെ പ്രസിഡൻറായി രണ്ടുവർഷത്തേയ്ക്കു് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും അദ്ദേഹം 1962 മാർച്ചു 1-ാംതീയതി പെട്ടന്നു് നിര്യാതനായി. ശ്രീമാൻ ചാണ്ടിയുടെ അകാലനിര്യാണം സമുദായത്തിനു് അപരിഹാര്യമായ ഒരു നഷ്ടമാണു്.

ശ്രീ കെ. സി. ചാണ്ടിയുടെ നിര്യാണത്തിൽ അനുശോചിക്കുവാൻ പാലാ സെൻറു് തോമസു് സ്കൂൾഹാളിൽ കത്തോലിക്ക കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഒരു സമ്മേളനം ചേരുകയുണ്ടായി. ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മോസ്റ്റു്. റവ. ഡോക്ടർ മാത്യു കാവുകാട്ട തിരുമേനി അദ്ധ്യക്ഷം വഹിക്കുകയും മെ: കെ.റവി. തോമസു്, അഡ്വക്കറ്റു്,(എറണാകുളം) കെ. സി. സെബാസ്റ്റ്യൻ ബി. എ. എൽ. റവി. എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

ശോകാകുലമായ മറ്റൊരു സംഭവമാണു് കത്തോലിക്കാകോൺഗ്രസിന്റെ ഒരു മുൻ ജനറൽസെക്രട്ടറിയും സംഘാടകനും, വക്കിംഗ് കമ്മറ്റി അംഗവുമായി ദീർഘകാലം സമുദായസേവനം അനുഷ്ഠിച്ച ശ്രീമാൻ സിറിയക്കു് കണ്ടത്തിലിന്റെ അകാലചരമം. പരേതരായ മഹാന്മാരുടെ ആത്മാക്കൾക്കു് നിത്യശാന്തി നേർന്നുകൊള്ളുന്നു.

ഏതാണ്ടു് 14 വർഷത്തിലധികം കോൺഗ്രസിന്റെ അസി: സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച ശ്രീമാൻ ജയിംസു് കണ്ടത്തിൽ അനാരോഗ്യവും വാർദ്ധക്യവും നിമിത്തം ഉദ്യോഗം ഒഴിയുകയും 1962 ജനുവരി 28-ാം തീയതി ശ്രീ. മാത്യു പള്ളിത്താനം അസി: സെക്രട്ടറിയായി ചാർജ്ജെടുക്കുകയും ചെയ്തു. ശ്രീമാൻ ജെയിംസു് കണ്ടത്തിലിന്റെ സേവനം കൃതജ്ഞതയോടുകൂടി സമുദായം എന്നും അനുസ്മരിക്കുക തന്നെ ചെയ്യും.

പുതിയ പ്രസിഡൻറു്

ശ്രീമാൻ കെ. സി. ചാണ്ടിയുടെ നിര്യാണം നിമിത്തം ഒഴിവുവന്ന പ്രസിഡൻറുസ്ഥാനത്തേക്കു് ശ്രീമാൻ പി. സി. എബ്രാഹം ബി. എ. ബി. എൽ, പള്ളിവാതുക്കൽ, എതിരില്ലാതെ തിരിഞ്ഞെടുക്കപ്പെടുകയും 26- 8- 1962-ൽ അദ്ദേഹം പ്രസിഡൻറായി ചാർജ്ജെടുക്കുകയും ചെയ്തു.

വാഷ്കികം

കോൺഗ്രസിന്റെ 44-ാമതു വാഷ്കികസമ്മേളനം 1962- മേയു് 31-ാംതീയതി വ്യാഴാഴ്ച കോട്ടയത്തു് സെൻറാൻസു് സ്കൂൾഹാളിൽവച്ചു് അനുഷ്ഠാനമായി നടത്തുകയുണ്ടായി. ആക്റ്റിംഗ് പ്രസിഡൻറു്- ശ്രീമാൻ ഇ. എ.ം ജോസഫ് അദ്ധ്യക്ഷം വഹിച്ചു. കോൺഗ്രസു് സംഘടനയെ കൂടുതൽ പുഷ്ടമാക്കുന്നതിനു വേണ്ട തീരുമാനങ്ങൾ ഈ സമ്മേളനം സ്വീകരിക്കുകയുണ്ടായി. ശ്രീമാൻ ചാണ്ടിയുടെ നിര്യാണംമൂലം ഒഴിവുവന്ന പ്രസിഡൻറുസ്ഥാനത്തേക്കു് പുതിയ പ്രസിഡൻറിനെ തെരഞ്ഞെടുക്കണമെന്നു് പ്രതിനിധിസഭാംഗങ്ങൾ വക്കിംഗ്കമ്മറ്റിക്കു് നിർദ്ദേശം നൽകുകയും ഉണ്ടായി.

പുതിയ ഭരണഘടന

കേരള കത്തോലിക്കബിഷപ്സു് കോൺഫ്രൻസിന്റെ അംഗീകാരം സിദ്ധിച്ച പുതിയ ഭരണഘടന സാർവത്രിക സൂനഹദോസു് സമാരംഭിച്ച 1962 ഒക്ടോബർ 11-ാം തീയതി പ്രാബല്യത്തിൽ വന്നു. പുതിയ ഭരണഘടന തികച്ചും ഫെഡറൽ മാതൃകയിലും വിവിധ താല്പര്യങ്ങൾക്കു് പ്രാതിനിദ്ധ്യം നൽകുന്നതുമായ ഒന്നാണു്. ഈ പുതിയ ഭരണഘടന അനുശാസിക്കുന്നവിധത്തിൽ കോൺഗ്രസു് സംഘടനയ്ക്കു് രൂപം കൊടുക്കുവാൻ വക്കിംഗ് കമ്മറ്റി സുപ്രധാനമായ പല തീരുമാനങ്ങളും ചെയ്തിട്ടുണ്ടു്. കേരളകത്തോലിക്കരുടെ പൊതുസംഘടനയായ കത്തോലിക്ക കോൺഗ്രസിനെ ശക്തിപ്പെടുത്തുന്നതു സംബന്ധിച്ചു് വേണ്ട മാർഗ്ഗങ്ങൾ ആരായുന്നതിനായി 9- 12- 1962-ൽ വക്കിംഗ് കമ്മറ്റിയുടെതീരുമാനമനുസരിച്ചു് പ്രസിഡൻറു് ശ്രീ. പി. സി. എബ്രാഹം ആലപ്പുഴ ലിയോ XIIIth സ്കൂൾ ഹാളിൽ വിവിധ കത്തോലിക്ക സംഘടനാപ്രതിനിധികളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. കേരളലാറ്റിൻ ക്രിസ്ത്യൻസ് ആക്ഷൻകമ്മറ്റി,സിറോ മലബാർ ഭൂഷണസമാജം, മലങ്കരസിറിയൻ കാത്തലിക്കു് കോൺഗ്രസു്, തിരുവിതാംകൂർ ലാറ്റിൻ ക്രിസ്ത്യൻ മഹാജനസഭ കേരള ലത്തീൻ കത്തോലിക്ക മഹാജനസഭ എന്നീ സംഘടനകളുടെ പ്രതിനിധികളും കത്തോലിക്ക കോൺഗ്രസു് വക്കിംഗ് കമ്മറ്റി അംഗങ്ങളും പ്രസ്തുതയോഗത്തിൽ സംബന്ധിച്ചു. കത്തോലിക്കകോൺഗ്രസിനെ വ്യാപകമായ പ്രാതിനിദ്ധ്യസ്വഭാവത്തോടുകൂടി പടുത്തുയർത്തേണ്ടതാണെന്നു് ഏകയോഗമായി സമ്മേളനം തീരുമാനിക്കുകയും കേരള കത്തോലിക്ക

ഹൈരാർക്കിയുമായി ആലോചിച്ച് ഭാവിപരിപാടികൾ നിർദ്ദേശിക്കുവാൻ ശ്രീ. പി. സി. എബ്രഹാം കൺവീനറായി ഒരു കമ്മറിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

കോൺഗ്രസ് സംഘടന

റിപ്പോർട്ടവഷത്തിൽ സംഘടനാപരമായി കോൺഗ്രസ്സിനു് കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നു് അഭിമാനപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു. മെ. പി. ജെ. ജോസഫ് പുല്ലാങ്കുളം, ലോനപ്പൻ നമ്പാടൻ, സി. എം. സെബാസ്റ്റ്യൻ എന്നിവരെ സംഘാടകരായി നിയമിച്ചു. അസി. സെക്രട്ടറി ശ്രീ മാത്യു പള്ളിത്താനവും ഏതാനുംകാലം സംഘടനാപ്രവർത്തനത്തിൽ ഏർപ്പെട്ടുകയുണ്ടായി.

റിപ്പോർട്ടവഷത്തിൽ 48 ശാഖകൾ പ്രവർത്തനനിരതമായിരുന്നു. പ്രസ്താവകാലഘട്ടത്തിൽ 14 ഉപകൃത്തുക്കളും 16 ആയുഷ്കാലസാമാജികരും 439 സാധാരണസാമാജികരും കോൺഗ്രസ്സിൽ പുതുതായി ചേർന്നിട്ടുണ്ട്. പഴവിൽ, ആയൂർ, ചെങ്ങന്നൂർ, കുറുമുള്ളൂർ, ഏറ്റുമാനൂർ എന്നീ സ്ഥലങ്ങളിൽ പുതിയ ശാഖകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആകെ 417 ശാഖകൾ റിപ്പോർട്ടവഷത്തിൽ നിലവിലുണ്ടായിരുന്നെങ്കിലും 48 ശാഖകൾമാത്രമാണ് നിയമാനുസൃതം പ്രവർത്തനം നടത്തിയതു് എന്ന ഖേദപൂർവ്വം രേഖപ്പെടുത്തേണ്ടതായിരിക്കുന്നു. ഓരോ ശാഖയും സജീവമായും നിയമാനുസരണവും പ്രവർത്തിക്കുന്നതിനു് ബഹുമാനപ്പെട്ട പ്രതിനിധികൾ വേണ്ടത്ര പ്രോത്സാഹനവും ഒത്താശകളും നൽകണമെന്നു് അഭ്യർത്ഥിക്കുവാനും ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

സമ്മേളനങ്ങൾ

കോൺഗ്രസ്സ് വർക്കിംഗ് കമ്മിറിയുടെ ആഭിമുഖ്യത്തിൽ 1961 ജൂൺ 23-ം, 24-ം തീയതികളിൽ കോട്ടയം മാമ്മൻമാപ്പിളഹാളിൽ ചേർന്ന കത്തോലിക്കാനേതൃസമ്മേളനം അതീവ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണു്. 1961-ൽ നടന്ന നേതൃസമ്മേളനതീരുമാനമനുസരിച്ചും കാർഷിക വിദ്യാഭ്യാസ രംഗങ്ങളിലും സർക്കാർസർവ്വീസിലും സമുദായാംഗങ്ങൾക്കു നേരിടേണ്ടിവന്ന ഗുരുതരമായ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനു സമുദായത്തിൽനിന്നുണ്ടായ പ്രേരണയനുസരിച്ചുമാണു് കോൺഗ്രസ്സ് ഈ സമ്മേളനം വിളിച്ചുകൂട്ടിയതു്. രാഷ്ട്രീയസാമൂഹ്യപ്രവർത്തകരും ഇടവകപ്രതിനിധികളുമായി ആയിരത്തിൽപരം സമുദായസ്നേഹികൾ കേരളത്തിന്റെ നാനാഭാഗത്തുനിന്നും സമ്മേളനത്തിൽ പങ്കെടുത്തു. കോൺഗ്രസ്സിന്റെ ആക്റ്റിംഗ് പ്രസിഡന്റു് ശ്രീമാൻ ഇ. എം. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത സമ്മേളനം കോൺഗ്രസ്സിന്റെ ഒരു മുൻപ്രസിഡണ്ടും സമുദായനേതാവുമായ ശ്രീ പി. ജെ. സെബാസ്റ്റ്യൻ ഉൽഘാടനം നടത്തുകയും ശ്രീമാൻ കെ. സി. ചാണ്ടിയുടെ ചരമോപഹാരം അനാച്ഛാദനംചെയ്യുകയും ഉണ്ടായി. തുടർന്ന ചർച്ചകൾ നടന്ന പ്രസ്തുത സമ്മേളനം തികച്ചും ഒരു വിജയമായിരുന്നു. കാർഷികപ്രശ്നം, വിദ്യാഭ്യാസപ്രശ്നം, പബ്ലിക്ക് സർവ്വീസു്, മതപരന്യൂനപക്ഷങ്ങളുടെ അവശതകൾ എന്നിവ സംബന്ധിച്ചു് വേണ്ട പരിഹാരമാർഗ്ഗങ്ങൾ ആരായുവാൻ യഥാക്രമം എം. ഒ. ജോസഫ്, കെ. സി. സെബാസ്റ്റ്യൻ, ഇ. എം. ജോസഫ്, കെ. എം. ജോസഫ് (എറണാകുളം) എന്നിവർ കൺവീനർമാരായി സബ്കമ്മിറികൾ സമ്മേളനം നിയോഗിക്കുകയുണ്ടായി, പ്രസ്തുത സബ്കമ്മിറികൾ ഇതിനകം കാര്യക്ഷമമായി പ്രവർത്തനം നടത്തിയിട്ടുണ്ടു്. മതന്യൂനപക്ഷകമ്മിറിയുടെ ചെയർമാനായി ശ്രീമാൻ ഒ. സി. വറുഗീസു് എം. എ. എൽ. റി.യെ കമ്മിറിയംഗങ്ങൾ തെരഞ്ഞെടുത്തു. സർവ്വശ്രീ ഒ. സി. വറുഗീസ്, റി. ചാണ്ടി, കെ. എം. ജോസഫ് എന്നിവർ 1962 ജൂലൈ 7-ാംതീയതി തിരുവനന്തപുരം രാജഭവനിൽവച്ചു് കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ ലാൽ ബഹദൂർശാസ്ത്രിയെ സന്ദർശിച്ചു് നിവേദനം നടത്തുകയും മതന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനായി ഒരു കേന്ദ്ര സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ നിയമിക്കണമെന്നു് സമർത്ഥിക്കുകയുമുണ്ടായി. കത്തോലിക്കസമുദായം അനുഭവിച്ചുകൊണ്ടിരിക്കുന്ന അനീതികളും അവഗണനകളും വിവേചനകളും സമഗ്രമായി കേന്ദ്രഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ പ്രസ്തുത നിവേദനം വളരെയധികം ഉപകരിച്ചിട്ടുണ്ടു്. കേന്ദ്രമന്ത്രിമാർക്കു സമർപ്പിച്ച മെമ്മോറാണ്ടം തയാറാക്കി പലവിധ സഹായസഹകരണങ്ങൾ ചെയ്തതന്ന ശ്രീമാൻ കെ. ജെ. ജേക്കബ്ബ് എം. എ. എം. ലിറ്റ് ചെയ്ത സേവനത്തിനു് ഒരിക്കൽകൂടി കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. ഹൈറേഞ്ചിലെ സർക്കാർവനങ്ങളിലും മറ്റും കുടിയേറി പാർക്കുന്ന കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ചു് ശ്രീ എം. ഒ. ജോസഫ് കൺവീനറായുള്ള കമ്മിറി പഠനംനടത്തി കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾക്കു് നിവേദനം നടത്തിയിട്ടുണ്ടു്. ഇൻഡ്യയുടെ ഉത്തരാതിർത്തിയിലുണ്ടായ ചൈനീസ് ആക്രമണംനിമിത്തം മൈനോറിറ്റിസ് റൈറ്റ്സ് പ്രൊട്ടക്ഷൻകമ്മിറി അതിന്റെ പ്രവർത്തനങ്ങൾ താല്ക്കാലികമായി നിറുത്തിവച്ചിരിക്കുകയാണു്.

കാത്തലിക്ക് യൂണിയൻ

കാത്തലിക്ക് യൂണിയൻ ഭാരവാഹികളുടെ നിർദ്ദേശമനുസരിച്ചു് 1962-ലെ കത്തോലിക്കാകോൺഗ്രസ്സിന്റെ ഒരു സംക്ഷിപ്ത പ്രവർത്തനറിപ്പോർട്ട് യൂണിയൻ ജനറൽ സെക്രട്ടറിക്കു് അയച്ചുകൊടുത്തിട്ടുണ്ടു്.

സംയുക്ത യോഗം

കോൺഗ്രസ്, പി. എസ്. പി. സംയുക്ത ഭരണ കാലത്തു് ലോവർ പ്രൈമറിസ്കൂളുകൾക്കു് അംഗീകാരം നിഷേധിച്ചുകൊണ്ടുണ്ടായ ഗവർമ്മെൻറു നയത്തെ പ്രതിഷേധിക്കുവാൻ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറിയുടെയും കേരള പ്രൈവറ്റുസ്കൂൾ മാനേജേഴ്സ് അസോസിയേഷൻ എക്സിക്യൂട്ടിവിന്റെയും ഒരു സംയുക്തയോഗം 2-5-62-ൽ കോൺഗ്രസ്സ് ഹൈഡ് ഓഫീസ്സിൽ വച്ചു് വെ. റവ. മോൺ. എമ്മാനുവൽ ലോപ്പസ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും പ്രൈവറ്റുസ്കൂളുകൾ ഉടനെ അനുവദിക്കണമെന്നു് ഗവർമ്മെൻറിനോടാവശ്യപ്പെടുകയും അല്ലാ

ത്തപക്ഷം ആവശ്യമായനടപടികൾ സ്വീകരിക്കണമെന്നു് തീരുമാനിക്കുകയും ചെയ്തു. ഇതിനുശേഷമാണു് 63-64 വിദ്യാലയവർഷത്തിലേക്കു് പ്രൈവറ്റ് പ്രൈമറിസ്കൂളുകൾക്കുള്ള അപേക്ഷകൾ 62-63 വർഷത്തിൽ തന്നെ ക്ഷണിച്ചു് സമയത്തു സ്കൂളുകൾ അനുവദിക്കുമെന്നുള്ള നയപ്രഖ്യാപനം ഉണ്ടായതെന്നു് ചൂണ്ടിക്കാണിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്.

പ്രതിനിധിസഭ

റിപ്പോർട്ടവർഷത്തിൽ 3-1-62 ൽ കോട്ടയം സെൻറാൻസ്സ്കൂൾഹാൾളിൽ ചേർന്ന ആദ്യ പ്രതിനിധിസഭാസമ്മേളനത്തിൽ 1962–ലേക്കുള്ള നക്കൽബഡ്ജറ്റ് ട്രഷറർ ശ്രീ. എം. സി. ചാക്കോ അവതരിപ്പിച്ചു. മോഹവിമോചനം, ആജ്ഞാപത്രിരോഗികളും അന്ധകുദാശയും, കുടുംബസംവിധാനം. കർഷകപ്രശ്നം, സംഘടന. ലഘുനിക്ഷേപപദ്ധതി തുടങ്ങിയവയെപ്പറ്റി പരിഗണിക്കുകയും അത്യാവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്തു. 31–5–62–ൽ ശ്രീ ഇ. എം. ജോസഫിന്റെ അദ്ധ്യക്ഷതയിൽ സെൻറാൻസ്സ്കൂൾഹാളിൽ ചേർന്ന പ്രതിനിധിസഭയുടെ വാർഷികയോഗത്തിൽ വിദ്യാഭ്യാസ പ്രശ്നം, സംഘടന ഇവയെ സംബന്ധിച്ചു് സുപ്രധാനങ്ങളായ പ്രമേയങ്ങൾ പാസാക്കുകയും കോൺഗ്രസ്സ് പ്രവർത്തനങ്ങൾക്കു് ആവശ്യമായ ഫണ്ടു് ശേഖരിക്കുന്നതിനു് ഒരു ഫൈനാൻസ്കമ്മറിയെ നിയോഗിക്കുകയുംചെയ്തു. പ്രസ്തുതയോഗം പ്രതിനിധിസഭയുടെ കാലാവധി 1963 ജനുവരി 31–ാം തീയതിവരെ നീട്ടുകയും ചെയ്തു. പ്രസിഡൻറ് ശ്രീ. പി. സി. എബ്രാഹത്തിന്റെ അദ്ധ്യക്ഷതയിൽ 10-9-62–ൽ കോട്ടയം സെൻറാൻസ്സ് സ്കൂൾഹാളിൽ കൂടിയ പ്രതിനിധിസഭാ വിശേഷാൽ സമ്മേളനത്തിൽ സംഘടനയെ ഉജ്ജീവിപ്പിക്കുന്നതു സംബന്ധിച്ചു് കുലങ്കഷമായ ചർച്ചകൾ നടത്തുകയും സൃഷ്ടിപരമായ പല പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. റിപ്പോർട്ടവർഷത്തിലെ അവസാന പ്രതിനിധിസഭാ (ബഡ്ജാറ്) സമ്മേളനം കോൺഗ്രസ്പ്രസിഡൻറിന്റെഅദ്ധ്യക്ഷതയിൽ30-12-62 ഞായറാഴ്ച ഹെഡ്ഓഫീസിൽ സമ്മേളിച്ചു. ട്രഷറർ അവതരിപ്പിച്ച ബഡ്ജാറ് ഐകകണ്ഠ്യേന പാസാക്കുകയും 1962-ലെ വരവുചെലവു കണക്കു് മെ. ദേവസ്യാ ജോസഫ്, എം. സി. മാത്യു ഇവരിൽ ആരെയെങ്കിലും കൊണ്ടു് ഓഡിറ്റു ചെയ്യിക്കണമെന്നു് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുതയോഗത്തിൽ കോൺഗ്രസ്സ് ബുള്ളറ്റിൻ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും, മുതുളി–കീരിത്തോട്ട് പ്രദേശങ്ങളിലെ കുടിയേറിപ്പാർപ്പുകാരോട്ട് കേരളഗവർമ്മെൻറു് അനുവർത്തിക്കുന്നനയത്തിൽ ഭേദം പ്രകടിപ്പിച്ചും അവക്കു് പുനരധിവാസസൗകര്യങ്ങൾ നൽകണമെന്നു് കേന്ദ്ര-സ്റ്റേറ്റു ഗവർമ്മെൻറുകളോട്ട് അഭ്യർത്ഥിച്ചും പ്രമേയങ്ങൾ പാസാക്കി.

കോൺഗ്രസ്സ് കൗൺസിൽ.

കോൺഗ്രസിന്റെ ഒരു കൗൺസിൽയോഗം 31–5–62 വ്യാഴാഴ്ചരാവിലെ 11മണിക്കു് കോട്ടയം സെൻറാൻസ്സ് സ്കൂൾഹാളിൽ വച്ചു് ആക്ടിംഗ് പ്രസിഡൻറ് ശ്രീ. ഇ. എം. ജോസഫിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ജനറൽസെക്രട്ടറി '61-ലെ വാർഷിക പ്രവർത്തനറിപ്പോർട്ടും ട്രഷറർ '61-ലെ ഓഡിറ്റു ചെയ്ത വരവു ചെലവു കണക്കും അവതരിപ്പിക്കുകയും അവ കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. കോൺഗ്രസിന്റെ പുതിയ ഭരണഘടന നടപ്പിൽവന്നതോടുകൂടി കോൺഗ്രസ്കൗൺസിൽ ഇല്ലാതായിരിക്കുന്നു.

വർക്കിംഗ്കമ്മറ്റി

റിപ്പോർട്ടു വർഷത്തിൽ വർക്കിംഗ് കമ്മറ്റിയുടെ 17 യോഗങ്ങൾ കൂടുകയുണ്ടായി. ഇവയിൽ ഒന്നു് ആലപ്പുഴ വച്ചും രണ്ടു് എറണാകുളത്തും പതിനാലു യോഗങ്ങൾ കോട്ടയത്തും വച്ചുകൂടി അതതുകാലം സമുദായത്തെ അഭിമുഖീകരിച്ച വിവിധ പ്രശ്നങ്ങളെപ്പറ്റി ചർച്ചകൾ നടത്തുകയും കൂടുതൽ പഠനം നടത്തി കമ്മറ്റിക്കു റിപ്പോർട്ട സമർപ്പിക്കുന്നതിനു് സബ്കമ്മറ്റികൾരൂപീകരിക്കുകയും ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. വർക്കിംഗ് കമ്മറ്റിയുടെ മിനിറ്റ്സ് കോൺഗ്രസ് ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുകൊണ്ടു് വർക്കിംഗ്കമ്മറ്റിയോഗങ്ങളുടെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിൽ കൊള്ളിച്ചിട്ടില്ല.

പ്രത്യേക കമ്മറ്റികൾ

1 കേരളകാർഷികബന്ധബില്ലിനു് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചു് പരിഷ്കാരമാക്കുന്നതിനായി ശ്രീ കെ. എം. ജോസഫ് (എറണാകുളം) കൺവീനറായി നിയോഗിക്കപ്പെട്ട കമ്മറ്റി ബില്ലിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ചു് സംസ്ഥാനഗവർമ്മെൻറിനു് നിവേദനം സമർപ്പിച്ചു.

2 ഫണ്ടു ശേഖരണത്തിനായി രൂപീകരിച്ച ഫൈനാൻസ്കമ്മറ്റി പലപ്രാവശ്യം സമ്മേളിക്കുകയും പ്രവർത്തിച്ചുകൊണ്ടിരിക്കുകയുമാണു്.

സബ്കമ്മറ്റികൾ

സാമുദായിക പ്രശ്നങ്ങളും സംഘടനാപ്രവർത്തനങ്ങളും സംബന്ധിച്ചു് യഥാകാലം വർക്കിംഗ്കമ്മറ്റിക്കു് റിപ്പോർട്ടുകൾ നൽകുവാനായി 1962-ൽ പല സബ്കമ്മറ്റികളും വർക്കിംഗ്കമ്മറ്റി രൂപീകരിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ-

1 വിദ്യാഭ്യാസ കമ്മറ്റി
2 ക്രിസ്ത്യൻ മാര്യേജ് ആൻഡ് മാട്രിമോണിയൽ കോസസ്സ് ബിൽ-കമ്മറ്റി
3 സംഘടനാ കമ്മറ്റി
4 നേതൃസമ്മേളനക്കമ്മറ്റി
5 കോൺഗ്രസ് ബുള്ളറ്റിൻ കമ്മറ്റി
6 കാത്തലിക്ക് സെൻറർ കമ്മറ്റി
7 ഉന്നത സാങ്കേതിക വിദ്യാലയ കമ്മറ്റി
8 പത്രാധിപ സമ്മേളന കമ്മറ്റി

ഈ കമ്മറ്റികൾ യോഗങ്ങൾ ചേരുകയും വർക്കിംഗ്കമ്മറ്റിക്കു റിപ്പോർട്ടുകൾ നൽകുകയും ചെയ്തിട്ട

ണ്ട്. തന്നാണ്ടിൽ ഏറ്റവും അർഹരായ ഓരോ പ്രീ-യൂണിവേഴ്സിറ്റി വിദ്യാർത്ഥിക്കും വിദ്യാർത്ഥിനിക്കും നൽകുന്നതിനായി നിധിയിരി കുടുംബാംഗങ്ങൾ നൽകിയ 120 രൂപ വീതമുള്ള സിറിയക്ക നിധിയിരി-ജോൺ നിധിയിരിസ് കോളർഷിപ്പുകൾ ചങ്ങനാശ്ശേരി എസ്. ബി. കോളജ് വിദ്യാർത്ഥി ശ്രീ. പി. റ്റി, അലക്സാണ്ടർ, അസംപ്ഷൻ കോളജ് വിദ്യാർത്ഥി കുമാരി എം. സി. ലീലാമ്മ എന്നിവർക്ക് നൽകുകയുണ്ടായി. 120 രൂപയുടെ ഫാദർ മാണി നിധിയിരി സ്കോളർഷിപ്പിനു് അപേക്ഷകരില്ലാതെവന്നതിനാൽ പ്രസ്തുത സ്കോളർഷിപ്പ് കൊടുക്കുവാനിടയായില്ല. ഇൻഡ്യൻ പാർലമെൻറിൽ അവതരിപ്പിച്ചു് സിലക്റ്റു കമ്മറിയുടെ പരിഗണനയിലിരിക്കുന്ന ക്രിസ്ത്യൻ മാരേജ് ആൻഡ് മാടിമോണിയൽ കോസസ് ബില്ലിനെപ്പറ്റി റിപ്പോർട്ട സമർപ്പിക്കുന്നതിനു് ശ്രീ. ഇ പി. വറുഗീസ് കൺവീനറായി നിയോഗിക്കപ്പെട്ട സബ്കമ്മറി വക്കിംഗ് കമ്മറിക്ക നൽകിയ റിപ്പോർട്ട് വക്കിംഗ് കമ്മറി അംഗീകരിക്കുകയും കമ്മറി തയ്യാറാക്കിയ മെമ്മോറാണ്ടം അച്ചടിച്ചു് ലോകസഭ സിലക്റ്റുകമ്മറിക്കു് അയക്കുകയും ഇതുസംബന്ധിച്ചു് തെളിവുകൾ സ്വീകരിക്കുന്നതിനായി സിലക്റ്റു കമ്മറി ദക്ഷിണേന്ത്യയിൽ, പ്രത്യേകിച്ചു് കേരളത്തിൽ, വന്നു തെളിവെടുക്കണമെന്നു് അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംഘടനാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി ദക്ഷിണമേഖല ഓർഗനൈസറായി ശ്രീ. പി. ജെ. ജോസഫ് പുല്ലാകുളത്തിനെ നിയമിക്കയുണ്ടായി. ശ്രീ. പീ സി. എബ്രാഹം കൺവീനറായുള്ള പത്രാധിപസമ്മേളനക്കമ്മറി രണ്ടു പ്രാവശ്യം എറണാകുളത്തു സമ്മേളിച്ചു് സമുദായ താല്പര്യങ്ങൾക്കായി കത്തോലിക്കപത്രങ്ങൾ യോജിച്ചു പ്രവർത്തിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചും മറ്റും വേണ്ട ചർച്ചകൾ നടത്തുകയും പത്രാധിപസമ്മേളനം വക്കിംഗ്കമ്മറിയെ തെരഞ്ഞെടുക്കുകയും ചെയ്തു. അതുപോലെതന്നെ ഉന്നത സാങ്കേതിക വിദ്യാലയ കമ്മറി ഒരു തവണ എറണാകുളത്തു സമ്മേളിച്ചു് ചില പ്രാരംഭാലോചനകൾ നടത്തി.

കാഷ്യൂകബന്ധബില്ലിൽഭേദഗതികൾനിർദ്ദേശിക്കുന്നതിനു വേണ്ടി ശ്രീ. കെ. എം. ജോസഫ് (ജനറൽ സെക്രട്ടറി) കൺവീനറായുള്ള സബ്കമ്മറിയുടെ ഭേദഗതി നിർദ്ദേശങ്ങൾ ഗവർമ്മെൻറിലേയ്ക്കു സമർപ്പിച്ചിട്ടുണ്ട്. പുതിയ ഭരണഘടനയിൻ കീഴിൽ ചട്ടങ്ങൾ നിർമ്മിക്കുവാൻ ശ്രീ ജിയിംസ് കണ്ടത്തിൽ കൺവീനറായി രൂപീകൃതമായ സബ്കമ്മറിനക്കൽ ചട്ടങ്ങൾ തയാറാക്കി വക്കിംഗ് കമ്മറിക്ക് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനഗവർമ്മെൻറിന്റെ പഞ്ചായത്തു് മുനിസിപ്പൽ ചട്ടങ്ങളെ സബന്ധിച്ചു ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടു് വക്കിംഗ്കമ്മറി അതിപ്രധാനമായ ഒരു നിവേദനം ഗവർമ്മെൻറിനു സമർപ്പിച്ചിട്ടുണ്ട്.

ഭരണഘടനാഭേദഗതികൾ

റിപ്പോർട്ടവർഷത്തിൽ ഭരണഘടനയിലെ 100-ാം, 121 (2)ാം വകുപ്പുകൾക്കു് ഓരോ ഭേദഗതികൾ അംഗീകരിക്കപ്പെടുകയുണ്ടായി.

സാമ്പത്തികനില.

കോൺഗ്രസിൻെറ സാമ്പത്തികനിലമുൻവർഷത്തെ അപേക്ഷിച്ചു് അല്പമായി ഭേദപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും തൃപ്തികരമല്ലെന്നു് പറയാതെ നിവൃത്തിയില്ല. സംഘടനാപ്രവർത്തനങ്ങൾക്കായി 1962-ൽ ഒരു ചെറിയ തുക സംഭാവനയായി ലഭിച്ചിട്ടുണ്ടെങ്കിലും മേലാൽ ഉള്ള പ്രവർത്തനങ്ങൾക്കു് ഗണ്യമായ ഒരു തുക ലഭിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. മുഴുവൻ സമയം ജോലി ചെയ്യുന്ന സംഘാടകർക്കു് വേതനം നൽകുന്നതിനും ഓഫീസു് ഉപകരണങ്ങൾക്കുമായി ആവശ്യമായ തുകകൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

ഉപസംഹാരം.

അടുത്തകാലത്തു് കേരളകത്തോലിക്കസമുദായത്തിനു നേരിടേണ്ടിവന്ന വിദ്യാഭ്യാസ പരവും കാഷ്യൂകവുമായ പ്രതിസന്ധിഘട്ടങ്ങളിൽ കാത്തലിക്കു് യൂണിയൻ ഓഫ് ഇൻഡ്യയുടെ ഭാരവാഹികൾ നൽകിയിട്ടുള്ള സഹായസഹകരണങ്ങൾ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. കത്തോലിക്കകോൺഗ്രസ്സിൻെറ പ്രവർത്തനവിജയത്തിനായി സഹായസഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന നമ്മുടെ വന്ദ്യവൈദീകമേലദ്ധ്യക്ഷന്മാരോടും സ്ഥാപനങ്ങളോടും സമുദായാംഗങ്ങളോടും കോൺഗ്രസ്സിനുള്ള അതിവമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും സംഘടനാപരമായി പല പ്രായോഗിക പരിപാടികളും ആസൂത്രണംചെയ്തു് നടപ്പിൽ വരുത്തുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കൂടുതൽ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടും ഈ റിപ്പോർട്ട് നിങ്ങളുടെ സമക്ഷം അവതരിപ്പിക്കുന്നു.

ജനറൽ സെക്രട്ടറി

കെ. എം. ജോസഫ് ബി.എ.,ബി.എൽ.

അഖിലകേരള കത്തോലിക്കകോൺഗ്രസ്
45-ാമതു വാർഷികപ്രതിനിധിസഭാസമ്മേളനം നോട്ടീസ്

അഖിലകേരള കത്തോലിക്കകോൺഗ്രസ് പ്രതിനിധിസഭയുടെ 45-ാമതു വാർഷിക പ്രതിനിധിസമ്മേളനം 1963 മേയ് 26-ാംനു ഞായറാഴ്ച പകൽ 2 മണിക്കു് കോൺഗ്രസ് ഹെഡ്ഓഫീസിൽ താഴെപ്പറയുന്ന പരിപാടിയനുസരിച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ തദവസരത്തിൽ പ്രതിനിധിസഭാംഗങ്ങൾ ഏവരുടെയുംസാന്നിദ്ധ്യം സാദരംക്ഷണിച്ചുകൊള്ളുന്നു.

കാര്യപരിപാടി

മേയ് 25 ശനി

രാത്രി 8 മണിക്കു വക്കിംഗ്കമ്മറിയോഗം

മേയ് 26 ഞായർ

രാവിലെ 10 മണിക്കു് വക്കിംഗ്കമ്മറിയോഗം
,, 11 മണിക്കു് വിഷയനിർണ്ണയകമ്മറി യോഗം

ഉച്ചകഴിഞ്ഞു് 2 മണിക്കു് പ്രതിനിധിസഭായോഗം

1 പ്രാർത്ഥന
2 അദ്ധ്യക്ഷപ്രസംഗം
3 മിനിറ്റ്സ്
4 പ്രശ്നോത്തരങ്ങൾ
5 1962-ലെ വാർഷികപ്രവർത്തനറിപ്പോർട്ട്
6 1962-ലെ വരവുചെലവുകണക്കുകൾ
7 പ്രമേയങ്ങൾ
8 അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ
9 കൃതജ്ഞത

വിധേയൻ
ജനറൽസെക്രട്ടറി
കെ. എം. ജോസഫ് B. A. B. L.

N. B. പ്രതിനിധിസഭയിലേക്കുള്ള പ്രമേയങ്ങളും ചോദ്യങ്ങളും സമ്മേളനത്തിനു് ഏഴു ദിവസം മുൻപു് ഓഫീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണു്.

അഖിലകേരളകത്തോലിക്കകോൺഗ്രസ് 1962 ഡിസംബർ 31-ാംതീയതി അവസാനിച്ച വർഷത്തെ പ്രവർത്തനഫണ്ടു് വരവു ചെലവു കണക്കു്

ചെലവിനങ്ങൾ

ടൂറിസ്റ്റ്ഹോം (വാടക, ലൈററിംഗ്, ക്ലപ്പുകാരൻ, പലവക	1582	80
ശമ്പളം	2444	00
യാത്രച്ചെലവു്	63	76
സ്റ്റേഷനറി	75	79
പ്രിൻറിംഗ്	149	05
ടൈപ്പിംഗ്	102	11
തപാൽ കമ്പി ടെലഫോൺ	175	32
ഓഡിററ് ഫീസു്	50	00
ഓഫീസു് പലവക	54	36
പലവക ചെലകവുൾ	22	50
ക്രിസ്തുമസ് പാരിതോഷികങ്ങൾ	30	00
മീററിംഗുകൾ	342	65
പ്രത്യേകകമ്മറികൾ	177	04
ഇലക്ഷൻ	1	42
ഡപ്യൂട്ടേഷൻ	119	77
നേതൃസമ്മേളനം	195	05
ബുള്ളററിൻ	495	99
വായനശാല പത്രമാസികകൾക്കു വരിസംഖ്യ	90	38
ബാങ്കു് & M. O. ചാർജസു്	3	66
ഫർണിച്ചർ 5% പഴക്കം തള്ളിയതു്	54	99
ഓഫീസു് ഉപകരണങ്ങൾ 10% പഴക്കം തള്ളിയതു്	12	82
തന്നാണ്ടു ചെലവുകഴിച്ചു് കൂട്ടുതൽ വരവു്	621	62
ആകെ	6865	08

വരവിനങ്ങൾ

ശാശ്വതമൂലധനഫണ്ടിൽനിന്നു്	3000	00
ടൂറിസ്ററുഹോം	1300	02
ഉപകൃത്തുക്കളുടെ ഫീസു് വിഹിതം	199	50
ആയുഷ്ക്കാലസാമാജികഫീസു് വിഹിതം	11	81
സാധാരണസാമാജികഫീസു് വിഹിതം	16	72
രജിസ്ട്രേഷൻഫീസു്	13	00
പ്രതിനിധിഫീസു്	56	00
സർട്ടിഫിക്കററ്ഫീസു്	26	00
സംഭാവന	1210	50
നേതൃസമ്മേളനപരിവു്	266	60
പലിശ	610	15
പ്രസിദ്ധീകരണങ്ങൾ മുതലായവ വിററു വരവു്	28	74
വായനശാല പത്രക്കടലാസു വിററുവരവു്	54	04
ബുള്ളററിൻ വരിസംഖ്യ	72	00
ആകെ	6865	08

ഓഡിററർ—ദേവസ്യ ജോസഫ്
ബി. എ. ബി. കോം (ഒപ്പു്)

ട്രഷറർ—എം. സി. ചാക്കോ മാന്തുരുത്തിൽ,
(ഒപ്പു്)

അഖിലകേരളകത്തോലിക്കകോൺഗ്രസിന്റെ 1962

മൂലധനവും ബാദ്ധ്യതകളും	Rs.	np.	Rs.	np.
ശാശ്വതമൂലധനഫണ്ട് – മുൻബാക്കി പത്രപ്രകാരം	52127	86		
തന്നാണ്ട് വരവ്	912	13		
	53039	99		
പ്രവർത്തനഫണ്ടിലേയ്ക്ക്	3000		50039	99
വിദ്യാഭ്യാസഫണ്ട് – മുൻബാക്കി പത്രപ്രകാരം	1385	95		
തന്നാണ്ട വരവ്	240	00		
	1625	95		
തന്നാണ്ട ചെലവ്	240		1385	95
രക്തസാക്ഷിഫണ്ട് – മുൻബാക്കി പത്രപ്രകാരം	9	16	9	16
കേന്ദ്രസംഘടനാഫണ്ട് – മുൻബാക്കിപത്രപ്രകാരം	268	97		
തന്നാണ്ട വരവ്	380	37		
	649	34		
തന്നാണ്ട ചെലവ്	299	25	350	09
പ്രൂപതാസംഘടനാഫണ്ട് മുൻബാക്കി പത്രപ്രകാരം	557	80	557	80
ശാഖകളുടെ നിലനിറുത്തു് മുൻബാക്കിപത്രപ്രകാരം	75	96		
തന്നാണ്ട വരവ്	259	59		
	335	55		
തന്നാണ്ട കൊടുത്തുചെലവ്	89	20	246	35
ബില്ലുകൾ കൊടുത്തുതീർക്കേണ്ടതു് മുൻബാക്കിപത്രപ്രകാരം	2862	17		
തന്നാണ്ട വരവ്	177	72		
	3039	89		
തന്നാണ്ട കൊടുത്തുതീർത്തതു്	1600	46	1439	43
സസ്പൻസ് മുൻബാക്കി പത്രപ്രകാരം	655	52		
തന്നാണ്ട വരവ്	1589	58		
	2245	10		
തന്നാണ്ട ചെലവ്	1268	95	976	15
ആകെ			55004	92

ആഡിറു റിപ്പോർട്ട്

ഞാൻ മേൽ ചേത്തിരിക്കുന്ന അഖിലകേരള കത്തോലിക്കകോൺഗ്രസിന്റെ 1962 ഡിസംബർ ആഡിറു ചെയ്തു. ഞാൻ ആവശ്യപ്പെട്ട എല്ലാവിവരങ്ങളും എനിക്കു ലഭിച്ചു. എനിക്കു കിട്ടിയ വിവരങ്ങളനുസരിച്ചു നടത്തിയിട്ടില്ലെന്നുള്ളതൊഴിച്ചു്, ഈ ബാക്കി പത്രവും വരവുചെലവുകണക്കും നിയമപ്രകാരം തയാറാക്കിയിട്ടുള്ളതാണെന്നു റിപ്പോർട്ടു ചെയ്യുന്നു.

ഡിസംബർ 31-ാം തീയതിയിലെ ബാക്കിപത്രം

വസ്തുക്കളും സ്വത്തുക്കളും	Rs.	np.	Rs.	np.
ഫർണിച്ചർ മുൻബാക്കി പത്രപ്രകാരം	1085	30		
തന്നാണ്ടു് കൂട്ടിച്ചേർത്തതു്	14	50		
	1099	80		
തന്നാണ്ടു് 5% പഴക്കം തള്ളിയതു്	54	99	1044	81
ഓഫീസു് ഉപകരണങ്ങൾ മുൻബാക്കി പത്രപ്രകാരം	112	20		
തന്നാണ്ടു് കൂട്ടിച്ചേർത്തതു്	16			
	128	20		
തന്നാണ്ടു് 10% പഴക്കം തള്ളിയതു്	12	82	115	38
ലൈബ്രറി മുൻബാക്കിപത്രപ്രകാരം	81	80		
തന്നാണ്ടു ചേർത്തതു്	2	16	83	96
അഡ്വാൻസു് മുൻബാക്കിപത്രപ്രകാരം	108	74		
തന്നാണ്ടു വരവു്	15		93	74
ബുള്ളറ്റിൻ കുടിശ്ശിക മുൻബാക്കി പത്രപ്രകാരം	49		49	
വിദ്യാഭ്യാസവേതനം മുൻബാക്കിപത്രപ്രകാരം	455		455	00
ബില്ലുകൾ പിരിയേണ്ടവ	250		250	00
ബാങ്കുകളിൽ ഡിപ്പോസിറ്റു്				
F. D. പാലാ സെൻട്രൽബാങ്കു് (in liquidation) കോട്ടയം				
മുൻബാക്കിപത്രപ്രകാരം	36250			
തന്നാണ്ടുവരവു്	14502	37		
	21747	63		
F. D. സ്റ്റോറുബാങ്കു് കോട്ടയം	764	62		
,, കോമൺവെൽത്തുബാങ്കു് കോട്ടയം (in Liquidation)	6218	09		
തന്നാണ്ടുവരവു്	36	72		
	6181	37		
,, സൗത്തു ഇൻഡ്യൻബാങ്കു് കോട്ടയം	14400			
Do	6285		49378	62
S. B. കോമൺവെൽത്തുബാങ്കു് മുൻബാക്കിപത്രപ്രകാരം	122	97		
,, പാലാസെൻട്രൽബാങ്കു് കോട്ടയം (in liquidation)		17		
,, സ്റ്റോറ്ബാങ്കു് കഞ്ഞിക്കുഴി	14	34		
,, സൗത്തു് ഇൻഡ്യൻബാങ്കു് കോട്ടയം	334	80	472	28
C. A കോമൺവെൽത്തുബാങ്കു്-മുൻബാക്കിപത്രപ്രകാരം	2	92	2	92
,, രൊക്കം നീക്കിയിരുപ്പു്	210	11	210	11
മുൻബാക്കിപത്രപ്രകാരം-കൂട്ടുതൽ ചെലവു്	3470	72		
തന്നാണ്ടു ചെലവു കഴിച്ചു് കൂട്ടുതൽ വരവു്	621	62	2849	10
ആകെ			55004	92

ട്രഷറർ—എം. സി. ചാക്കോ മാന്തുരുത്തിൽ (ഒപ്പു്)

31-ാംതീയതിയിലെ ബാക്കി പത്രവും അതേതീയതിയിലെ വരവുചെലവുകണക്കും (Income & Expenditure സരിച്ചും കോൺഗ്രസ്സിന്റെ പുസ്തകങ്ങൾപ്രകാരവും, ഭരണഘടന 126-2-ഉപവകുപ്പനുസരിച്ചുള്ള സൂക്ഷിപ്പുമുക്കിയിട്ടുള്ളതാണെന്നും ബാക്കി പത്രം കോൺഗ്രസ്സിന്റെ യഥാർത്ഥനിലയെ കാണിക്കുന്നുവെന്നും ഞാൻ റി

ആഡിറർ, ദേവസ്യ ജോസഫ് ബി. എ. ബി. കോം. (ഒപ്പു്)

THE SOUTH INDIAN BANK LIMITED,

(Estd. 1929)

Head Office: TRICHUR

A Scheduled Bank

AUTHORISED CAPITAL	.. ..	Rs. 50,00,000
SUBSCRIBED CAPITAL	.. ..	Rs. 36,00,000
PAID UP AND RESERVES	.. ..	Rs. 26,56,000

RATE OF INTEREST ON DEPOSITS

Savings bank A/c .. 3 1/2% p.a. | Current A/c .. 1% p.a.

Fixed Deposits

3 months	4 % p.a.
6 months	4 1/2% p.a.
12 months	4 3/4% p.a.
24 months	5 % p.a.
36 months	5 1/4% p.a.
48 & 60 months	5 1/2% p.a.


Call, Contractors' and Short Notice Deposits accepted on attractive terms

Advances:–

Advances granted against Government Securities, Mercantile Goods and other approved commodities on liberal terms

JOSEPH CHAKOLA,
Chairman of the Board of Directors.

M. G. P. NAMBIAR, B.A., C.A.I.I.B.,
General Manager.







Try this "SMOKE TEST". The flow of cool air through its millions of interconnected cells makes AEROFLEX the coolest of all cushioning materials. To test, blow at one side and watch it come out on the other! AERO-FLEX - the foam which breathes!

EVEN A CHILD KNOWS . . . .

AEROFLEX means cushion comfort

Aeroflex is pliable in the extreme, soft and versatile and is ideal for your furnishing. Cushions, pillows, mattresses are all available in any size and shape and at lower prices.

Aeroflex

FOAM RUBBER CUSHIONS BY **National**

Made to American standards of testing materials Specification D. 1055.

● INDIAN ENTERPRISE ● INDIAN MANAGEMENT ● INDIAN TECHNICIANS

NATIONAL TYRE & RUBBER CO. OF INDIA LTD.,

Head Office: Post Box No. 17, KOTTAYAM, KERALA STATE

Telegrams: AEROFLEX **Telephone:** 507

Branches:

BOMBAY — CALCUTTA — NEW DELHI — MADRAS & MADURAI

Edited, Printed and Published for the Working Committee of the All Kerala Catholic Congress by Mathew J. Pallithanam, at Deepika Press, Kottayam.